


# ലിറ്റിൽ മാസിക

ജനുവരി 2009

സഞ്ചരിക്കുക എന്നതിലപ്പുറം സഞ്ചാരം ഒരു അനുഭവം ആക്കുക എന്നതിലാണ് ആധുനിക യാത്രാ വാഹനങ്ങൾ മത്സരിക്കുന്നത്. 7

"1976-ൽ അമേരിക്കയിലെ ലോസ് ആഞ്ചൽസ് നഗരത്തിലെ ഡോക്ടർമാർ അഞ്ചാഴ്ചക്കാലം നീണ്ടുനിന്ന ഒരു പണിമുടക്കിലേർപ്പെട്ടുവത്രെ. അപ്പോൾ ആസ്പത്രികളിലെ മരണനിരക്ക് കുടുകയല്ല, കുറയുകയാണുണ്ടായതത്രേ."

ജോൺസിയുടെ പ്രകൃതി ദർശനം 8



കാർട്ടൂൺ :ക്രിസ്മാഡൻ



**ആനക്കൊമ്പും പുലിത്തോലും ചിത്രശലഭങ്ങളും തവളക്കാലുകളും കട കടക്കുന്നതായി കേൾ ക്കാറുമുണ്ട് ഇപ്പോഴിതാ മൂങ്ങകളും!**

**ഹാരിപ്പോട്ടർ കഥകളും സിനിമകളും വഴി ബ്ലാക്ക്മാജിക്കിന് കിട്ടിയ പ്രചാരം മൂങ്ങകളുടെനാശത്തിന് കാരണമായെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ആഘോഷിക്കപ്പെടുന്ന ഹാരി പോട്ടർ പോലെയുള്ള രചനകൾ പരിസ്ഥിതി പക്ഷത്തുനിന്നുള്ള വായനകൾക്കുംകൂടി വിധേയമാക്കേണ്ടതല്ലേ ?**

## HARRY PORTER

ECT!

~2009 ജനുവരി

**ലക്കം**
**104**


**ലിറ്റിൽ മാസിക**
**ചുങ്കത്തറ പി.ഒ.**
**മലപ്പുറം – 679934**
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
ക്രിയേറ്റീവ് എഡിറ്റർ
**സതീഷ് ചളിപ്പാടം**
സ്പെഷൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
ലേഔട്ട് & ഡിസൈനിംഗ്
**അരുൺ പൂൾപ്പറ്റ**


1992 ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.

ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.


## Copyleft

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.


എഡിറ്റോറിയൽ

## ഹാരിപോർട്ടർ നോവലുകൾ വായിക്കേണ്ട വിധം

ജെ.കെ റോളിംങ്ങിന്റെ ഹാരിപോർട്ടർ നോവലുകൾ മൂങ്ങകൾ നേരിടുന്ന വംശനാശഭീഷണികളുടെ പാശ്ചാത്തലത്തിൽ ചർച്ചചെയ്യേണ്ടതാണ്. അവരുടെ നോവലിലും നോവലിനെ ആസ്പദമാക്കി ഇറങ്ങിയ സിനിമകളിലും മൂങ്ങകളെ മന്ത്രവാദവുമായിബന്ധപ്പെടുത്തി ചിത്രീകരിക്കുന്നുണ്ട്. മൂങ്ങകളുമായി എഴുത്തുകാരിതന്നെ പൊതുവേദികളിലും പരസ്യപരിപാടികളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. കെ.എഫ്. ആർ.ഐ ശാസ്ത്രജ്ഞൻ ഡോ. ടി.വി.സജീവ് ഉന്നയിക്കുന്ന ചില ചിന്തകൾ ശ്രദ്ധിക്കുക:

ഒന്ന്:ഹാരിപോർട്ടർ നോവലുകൾ ഏറ്റവുമധികം സ്വാധീനിക്കുന്നത് തീരെ ചെറിയകുട്ടികളിലാണ്. പക്വത എത്തിയിട്ടില്ലാത്ത പ്രായത്തിൽ മൂങ്ങകളടക്കമുള്ള ജീവജാലങ്ങളോടുള്ള സമീപനങ്ങളിൽ ഇത്തരം നോവലുകളും സിനിമകളും വലിയസ്വാധീനം ഉണ്ടാക്കുകയില്ലെ?

രണ്ട്:മലിനീകരണം ഉണ്ടാക്കുന്ന കമ്പനികൾ അതിന് ബദലായി പരിസ്ഥിതി സംരക്ഷണത്തിനും മറ്റും ലാഭത്തിന്റെ വിഹിതം മാറ്റിവെക്കണം എന്നു വാദിക്കുന്നതുപോലെ മൂങ്ങകളടക്കമുള്ള അന്ന്യം നിന്നുപോകുന്ന ജീവിവർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എഴുത്തുകാരി തന്റെ റോയൽറ്റിയുടെ ഒരു ഭാഗംനീക്കി വെക്കേണ്ടതല്ലേ?

മൂന്ന്:ആഘോഷിക്കപ്പെടുന്ന ഹാരിപോർട്ടർ പോലെയുള്ള രചനകൾ പരിസ്ഥിതി പക്ഷത്തുനിന്നുള്ള വായനകൾക്കുംകൂടി വിധേയമാക്കേണ്ടതല്ലെ ?

അന്ന്യം നിന്നുപോകുന്ന ജീവിവർഗ്ഗങ്ങളെ ഓർത്തും നമ്മുടെ വരും തലമുറയെ ഓർത്തെങ്കിലും ഈ ചിന്തകൾ നമ്മുടെ മനസ്സുകളെ അലോലരപ്പെടുത്തുമോ?

### പ്രതികരണം

ലിറ്റിൽ മാസിക കഴിഞ്ഞ നാലു മാസങ്ങളായി കിട്ടുന്നുണ്ട്. നന്ദി. ചെറിയകാര്യങ്ങൾ, ചെറിയശബ്ദത്തിൽ, ചെറിയ വാക്കുകളാൽ വളരെ കുറച്ചുപേരോട് പറയുന്നകാലം ഇല്ലാതാവുന്ന ഒരു സമയമാണല്ലോ. ഇപ്പോൾ ഇങ്ങിനെയൊക്കെ ചെയ്യുമ്പോൾ, അഞ്ചോപത്തോ പേരെങ്കിലും കേൾക്കാനുണ്ടാവും. ഈ ചെറിയ പറച്ചിലുകൾ വിപണി തൂത്തുവാരിക്കളയാതിരിക്കട്ടെയെന്ന പ്രാർഥനയോടെ.

*–കെ.അരവിന്ദാക്ഷൻ, വാൾഡൻ, എരവ്, തൃശൂർ*



പ്രചോദനം

## റെയ്ച്ചൽ കാഴ്സൺ

"ഞാനീ പുസ്തകം എഴുതിയില്ലെങ്കി ലും എങ്ങനെയെങ്കിലും ഈ കാര്യങ്ങൾ പുറത്തുവരും. പക്ഷേ യാഥാർത്ഥ്യങ്ങൾ അറിയുന്ന എനിക്ക് അവപൊതുജന ശ്രദ്ധയിൽ കൊണ്ടുവരാതെ സമാധാനമുണ്ടാവില്ല."

സൈലന്റ് സ്പ്രിംഗ് (നിശബ്ദ വസന്തം) എന്ന വിഖ്യാത പുസ്തകം എഴുതാൻ ആലോചിക്കുന്ന സമയത്ത് റെയ്ച്ചൽകാഴ്സൺ പറഞ്ഞ വാക്കുകളാണിത്. 1962ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിലൂടെ റെയ്ച്ചൽ കാർസൺ എന്ന പ്രകൃതിസ്നേഹിയായ എഴുത്തുകാരി പൊതുജനശ്രദ്ധയിൽ കൊണ്ടുവന്ന വസ്തുതകൾ ലോക മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നവയായിരുന്നു. വീട്ടുവളപ്പിൽ മധുരഗാനങ്ങളുമായി വസന്തത്തിൽ എത്തിച്ചേരുന്ന കിളിക്കൂട്ടങ്ങളെ കാണാതായ വേദനയിൽ നിന്നാണ് ഈ പുസ്തകത്തിന്റെ പിറവി. മാരകമായ കീടനാശിനികളുടെ വ്യാപകമായ ഉപയോഗം പക്ഷികളുടെയും ഷഡ്പദങ്ങളുടെയും തിരോധാനത്തിന് ഇടയാക്കുന്ന നടുക്കമുണ്ടാക്കുന്ന വിവരങ്ങൾ ഹൃദയസ്പർശിയായ ശൈലിയിൽ അവർ എഴുതി. കേവല ഗൃഹാതുരത്വസ്മരണക്കപ്പുറം ഈ പുസ്തകം രാഷ്ട്രീയമായമാനം കൂടിയുള്ളതുകൊണ്ട് ജനങ്ങളെ കീടനാശിനികൾ സൃഷ്ടിക്കുന്ന ദുരന്തങ്ങൾക്കെതിരെ ഇറങ്ങിതിരിക്കാൻ പ്രേരിപ്പിച്ചു. പരിസ്ഥിതി പ്രസ്ഥാനങ്ങൾ സംഘടിത രൂപം കൈവരിക്കാൻ ഇടയാവുകയും ചെയ്തു. ഇതിന്റെ ഫലമായാണ് അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ നിരവധി രാഷ്ട്രങ്ങളിൽ ഡി.ഡി.ടി(DDT) നിരോധിക്കപ്പെടുന്നത്. ഇന്ത്യയിൽ കാർഷികമേഖലയിൽ മാത്രമാണ് ഇത് നിരോധിച്ചത്. ( DDT ഉൽപ്പാദിപ്പിക്കുന്ന ചുരുക്കം ചില ലോകരാഷ്ട്രങ്ങളിൽ ഒന്നാണ് ഇന്ത്യ)

1907 മെയ് 27 ന് അമേരിക്കയിലെ പെൻസിൽ വാനിയയിലെ സ്പ്രിംഗഡേലിൽ ജനിച്ച റെയ്ച്ചൽ കാർസൺ കുട്ടിക്കാലത്തേ മരങ്ങളേയും പക്ഷികളേയും ശലഭങ്ങളേയും സ്നേഹിച്ചു. എഴുത്തുകാരിയാവാൻ മോഹിച്ച് അവർ ശാസ്ത്രപഠനത്തിലൂടെ ശാസ്ത്രാഭിമുഖ്യമുള്ള എഴുത്തുകാരിയാവുകയും


ശേഷം 5-ാം പേജിൽ




ലിറ്റിൽ മാസിക
സ്പെഷ്യൽ ഫീച്ചർ

# മൂങ്ങകളെ കവർച്ച ചെയ്യുന്നു! വൻതുക ഓഫർ

**അബ്ദുള്ളക്കുട്ടി എടവണ്ണ**

**കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ മൂങ്ങപിടുത്തക്കാർ സ്വകാര്യമായും പരസ്യമായും സഞ്ചരിക്കുന്നു. ഒരു മൂങ്ങയെ പിടിച്ചുകൊടുത്താൽ വിശ്വസിക്കാൻ കഴിയാത്ത വൻതുകയാണ് ഓഫർ ചെയ്യുന്നത്.**

ജീവികളെയും അവയുടെ ശരീരഭാഗങ്ങളെയും കടത്തിക്കൊണ്ടുപോയി പണമുണ്ടാക്കുന്ന അന്താരാഷ്ട്രകള്ളകടത്തു സംഘങ്ങൾ പ്രവർത്തിക്കുന്നതായി നമുക്ക് അറിയാം. ഇതു തടയാൻ കർക്കശമായ നിയമങ്ങളുമുണ്ട്. ചിലപ്പോൾ പിടിയിലാകുന്ന ആളുകളുടെ ഫോട്ടോകളും വാർത്തകളും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുമുണ്ട്.

ആനക്കൊമ്പും പുലിത്തോലും ചിത്രശലഭങ്ങളും തവളക്കാലുകളും ഇങ്ങനെ കടൽ കടക്കുന്നതായി കേൾക്കാറുമുണ്ട് ഇപ്പോഴിതാ മൂങ്ങകളും!

കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ മൂങ്ങപിടുത്തക്കാർ സ്വകാര്യമായും പരസ്യമായും സഞ്ചരിക്കുന്നു. ഒരു മൂങ്ങയെ പിടിച്ചുകൊടുത്താൽ വിശ്വസിക്കാൻ കഴിയാത്ത വൻതുകയാണ് ഓഫർ ചെയ്യുന്നത്. പതിനായിരം തൊട്ട് ലക്ഷങ്ങൾ വരെ! ഇത്രയും വലിയ സമ്പാദ്യമുണ്ടാക്കാൻ മൂങ്ങയെന്നല്ല അമ്മൂമ്മയെ തന്നെ പിടിച്ചു കൊടുക്കാൻ തയ്യാറാണല്ലോ നമ്മൾ!

ഇക്കഴിഞ്ഞ ദിവസം എന്റെ സഹോദരി വിളിച്ചുപറഞ്ഞു. അവരുടെ വീടിന്റെ മുകൾ നിലയിലെ സൺഷേഡിന്റെ ഉള്ളിൽ ഒരു മൂങ്ങവന്നു കൂടുകൂട്ടിയിരിക്കുന്നു. മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങളുമുണ്ട്. പരിചിതരും അല്ലാത്തവരുമായആളുകൾ ഇപ്പോൾ നിത്യവും വീട്ടിലേക്ക് വന്ന് മൂങ്ങയെ പിടിക്കാൻ അനുവാദം ചോദിക്കുന്നു. ഇതൊരു ശല്യമായിരിക്കുന്നു എന്നാണ് സഹോദരിപറഞ്ഞത്.

എന്റെ സ്കൂളിലെ ഒരു കുട്ടിപറഞ്ഞത് മൂങ്ങയെ പിടിച്ചുകൊടുത്താൽ നല്ലൊരു മൊബൈൽ ഫോൺ ഓഫർ ചെയ്തിട്ടുണ്ടെന്നാണ്.

ഇങ്ങനെ കൊച്ചു കുട്ടികളെയടക്കം സ്വാധീനിച്ച് മൂങ്ങയെ പിടിക്കാൻ ആളുകൾ ഇറങ്ങിത്തിരിച്ചതിന്റെ രഹസ്യം എന്താണ്? ആരാണ് ഇതിനു പിന്നിൽ? വ്യക്തമായ വിവരങ്ങൾ ആർക്കുമില്ല.

ആനക്കൊമ്പും പുലിത്തോലും ചിത്രശലഭങ്ങളും തവളക്കാലുകളും ഇങ്ങനെ കടൽ കടക്കുന്നതായി കേൾക്കാറുമുണ്ട് ഇപ്പോഴിതാ മൂങ്ങകളും!



## മൂങ്ങ കടത്തിനു പിന്നിൽ ബ്ലാക്ക് മാജിക്ക്?

ചില ആഭിചാരകർമ്മങ്ങൾക്കാണ് മൂങ്ങയെ ഉപയോഗിക്കുന്നതെന്നാണ് പറയപ്പെടുന്നത്. ഇത്രയും വലിയതുക ചെലവഴിച്ച് മൂങ്ങയെവാങ്ങി മന്ത്രവാദം നടത്തുന്നതുകൊണ്ട് ലഭിക്കുന്ന നേട്ടമെന്താണ്? വലിയമൂടക്കുമുതലുള്ള മന്ത്രവാദത്തിന്റെ ലാഭം എന്താണ്? അതാർക്കുമറിയില്ല. കേവലമൊരു അന്ധവിശ്വാസത്തിന്റെ പേരിൽ ഇത്രയും വലിയതുക ചെലവഴിക്കുമെന്ന് വിശ്വസിക്കാൻ പ്രയാസം.

ഉത്തരേന്ത്യയിൽ ചില വിഭാഗമാളുകൾ ഐശ്വര്യദേവതയെ പ്രീതിപ്പെടുത്താൻ നടത്തുന്ന പൂജയിൽ മൂങ്ങകളെ ബലിനൽകുന്നതായി കേൾക്കുന്നുണ്ട് അതുപോലെ കുട്ടികളുടെ ബാലാരിഷ്ടതകൾ തീർക്കാൻ മൂങ്ങയുടെ എല്ല് മാലയിൽ കോർത്ത് കഴുത്തിലണിഞ്ഞാൽ മതിയെന്നും പ്രചാരമുണ്ട്.

മൂങ്ങകൾ എല്ലാപ്രയാസങ്ങളിലും രക്ഷപ്പെടുത്തുമെന്ന ഒരു മിത്ത് വടക്കേ അമേരിക്കയിൽ പ്രചാരത്തിലുണ്ട്. മഞ്ഞുമൂങ്ങ (snowyowl)യുടെ ആകൃതിയിൽ മോതിരമണിയുന്ന ചിലർ ഇത്തരം വിശ്വാസികളായി ഇവിടെയുണ്ട്.

## ഹാരിപ്പോർട്ടർ ഇഫക്റ്റ്

ഹാരിപ്പോർട്ടർ കഥകളും സിനിമകളും വഴി ബ്ലാക്ക്മാജിക്കിന് കിട്ടിയ പ്രചാരം മൂങ്ങകളുടെനാശത്തിന് കാരണമായെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നു. ഈയടുത്തകാലത്തായി കേരളത്തിലെ മൂങ്ങകൾക്ക് ഡിമാന്റ് വർദ്ധിക്കാനിടയാക്കിയത് ഇതാണെന്നുപറയുന്നു. ഉത്തരേന്ത്യയിൽ മൂങ്ങകളുടെ എണ്ണം കുറഞ്ഞതും കാരണമായി ചൂണ്ടികാണിക്കുന്നു. മൂങ്ങകളുടെ കണ്ണിന്റെ തിളക്കവും ശൗര്യവും കണ്ട് അതേ ഗുണമുള്ള കണ്ണുണ്ടാവാൻ മൂങ്ങയെ കൊന്നുതിന്നാൽ മതിയെന്ന് പറയുന്നവരുണ്ട്. കുട്ടിതേവാങ്കും, കരിങ്കുരങ്ങുമൊക്കെ നാശത്തിന് ഇരയായത് ഇത്തരം തെറ്റായ ഔഷധ വിജ്ഞാനം മൂലമായിരുന്നല്ലോ. മൂങ്ങയെ പിടിച്ചുകൊടുത്താൽ വൻതുകപ്രതിഫലം കിട്ടുമെന്നത് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നത് അവഗണിക്കാതാവില്ലെന്ന് കേരളവനഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ടി.വി സജീവ് പറഞ്ഞു. ചിത്രശലഭങ്ങൾക്ക് അഞ്ഞൂറുരൂപവരെ കിട്ടുമെന്ന പറഞ്ഞ് നാട്ടിൻ പുറങ്ങളിൽ പലരും തയ്യാറായി എങ്കിൽ മൂങ്ങയുടെ കാര്യത്തിൽ എന്തൊക്കെയുണ്ടാകുമെന്ന് പറയാൻ കഴിയില്ല. മൂങ്ങയുടെ പോപ്പുലേഷൻ സംബന്ധിച്ച വ്യക്തമായ കണക്കുകളോ പഠനങ്ങളോ നിലവിൽ ഇല്ലെന്നാണ് അറിയുന്നത്. സ്ട്രിജിഫോർമസ് സമൂഹത്തിൽപ്പെട്ട രാത്രിഞ്ചര പക്ഷികളാണ് മൂങ്ങകൾ (owl) കൂമൻ, നത്ത് എന്നും വിളിക്കുന്നുണ്ട് അന്റാർട്ടിക്ക ഒഴികെ ലോകത്തെല്ലായിടത്തും മൂങ്ങകൾ ഉണ്ട്. പ്രകൃതിക്കും കാലാവസ്ഥാവ്യതിയാനങ്ങൾക്കും അനുസരിച്ച് വ്യത്യസ്തതരം മൂങ്ങകൾ കാണപ്പെടുന്നു. എലികൾ, പല്ലികൾ, ചെറിയ പക്ഷികൾ, പ്രാണികൾ തുടങ്ങിയവയാണ് ഇവയുടെ ആഹാരം. എലിയുടെ ഉപദ്രവമുണ്ടാകാതെ അവയെ നിയന്ത്രിക്കുന്നവയായതിനാൽ

ശേഷം പേജ് 4 കാണുക

*ഹാരിപോർട്ടർ നോവലിസ്റ്റ് ജെ.കെ.റോളിംഗ് മൂങ്ങയുമായി*



# കേരളപോലീസിലെ ഹരിത പ്രവർത്തകർ

**ലിമ ന്യൂസ് സർവ്വീസ്**

## ഹരി തജീവിതദർശന പ്രചാരണവുമായി ഒരുകൂട്ടം പോലീസുകൾ മാതൃകയാവുന്നു.

**ഒ**ട്ടേറെ രംഗങ്ങളിൽ മികവു തെളിയിച്ച കേരളപോലീസിൽ നിന്ന് ഹരിതജീവിതദർശന പ്രചാരണവുമായി ഒരുകൂട്ടം പോലീസുകൾ മാതൃകയാവുന്നു. പ്രകൃതി നിയമങ്ങൾ അനുസരിച്ചുള്ള സുസ്ഥിര-ആനന്ദ ജീവിതത്തിൽ പൊതുനിയമങ്ങൾ പാലിക്കാനും പോലീസ് എന്നവാക്കിന്റെ മൊത്തം നിർവ്വചനം ഫലപ്രദമായി സമൂഹത്തിന് ഗുണപ്രദമാക്കാനും കഴിയുന്നതരത്തിൽ നിരവധി ജനകീയ ഇടപെടലുകൾക്കാണ് പോലീസ് അസോസിയേഷന്റെ സജീവ പ്രവർത്തകരായ ശ്രീ അലവി, സലീം, ഹനീഫ, പ്രമേദ്, യതീന്ദ്രൻ, എച്ച്.സി മനോജ് എ.എസ്.ഐ അരവിന്ദാക്ഷൻ തുടങ്ങിയവർ നേതൃത്വം നൽകുന്നത്.

2006ലെ നീലകുറുഞ്ഞിയാത്രയിലാണ് ഇവരിൽ മിക്കവരും ആദ്യമായി നിലമ്പൂർ പ്രകൃതി പഠനകേന്ദ്രത്തിന്റെ ഒരു യാത്രയിൽ പങ്കെടുക്കുന്നത്. പിന്നീട് നിരവധിയാത്രകളിലും ക്യാമ്പുകളിലും വിദ്യാർത്ഥി-യുവജന-കുടുംബസദസ്സിലും ജനകീയ പോലീസ്. പോലീസിനെക്കുറിച്ചുള്ള ചോദ്യോത്തരപരിപാടികൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾക്ക് ജോലിതിരക്കിനിടയിലും ഇവർ സമയം കണ്ടെത്തുന്നു. പെയിൻ ആൻഡ് പലീയേറ്റീവ് പ്രവർത്തനത്തിലും ഇവർ സജീവമാണ്.

പ്രകൃതിപഠനകേന്ദ്രംസംഘടിപ്പിച്ച 2007ലെ ആസാം-സിക്കിം-ഭൂട്ടാൻ യാത്രയിലും 2008ലെ കാശ്മീർ-പഞ്ചാബ്-ഹിമാചൽ യാത്രയിലും സജീവംഗങ്ങളായിരുന്ന ഈ പോലീസ് സംഘം വിദ്യാഭ്യാസകാലത്ത് വിവിധ ക്ലബ് N.S.S, N.C.C പ്രവർത്തകരായിരുന്നു. പോലീസ് പരിശീലനകാലത്തും വ്യത്യസ്തമായ ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ മേലധികാരികളിലൂടെ പ്രശംസ പിടിച്ചു പറ്റിയിരുന്നു അത്‌ലറ്റിക്സിലും, ഷൂട്ടിങ്ങിലും മികവുതെളിയിച്ച ഇവർ കഴിഞ്ഞ വർഷത്തെ ഷൂട്ടിങ്ങ് പരിശീലനത്തിലും മികച്ച പ്രകടനത്തിന് സമ്മാനിതരായിരുന്നു.

2006ലെ കുറുഞ്ഞിയാത്രക്ക് ശേഷം ഒട്ടേറെ കേരളപഠനയാത്രകളിൽ-കുട്ടനാട്‌യാത്ര, കടൽ-കണ്ടൽയാത്ര, മാടായി ക്യാമ്പ്, പുഞ്ചകൊല്ലി- മുണ്ടേരിയാത്രകൾ-സൈലന്റ് വാലി-അട്ടപാടിയാത്ര, ഫേൺഹിൽ കുടുംബയാത്ര, പറമ്പി ക്കുളം ക്യാമ്പ് തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളിൽ ഇവർ പങ്കെടു ക്കാറുണ്ട്. പ്രകൃതി പഠനകേന്ദ്രം ചന്ദ്രകാന്തം പരിസ്ഥിതി കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്ന മിക്ക ക്യാമ്പുകളിലും പോലീസിനെക്കുറിച്ചും ജനകീയ പോലീസിനെക്കുറിച്ചും, പൊതുനിയമങ്ങളെ കുറിച്ചും ട്രാഫിക്ക് നിയമങ്ങളെക്കുറിച്ചും ഉള്ള സെക്ഷനുകൾ ഇവർ അവതരിപ്പിച്ചുവരുന്നു നാടൻപാട്ടിന്റെ അകമ്പടിയോടെയുള്ള ഇത്തരം സെഷനുകൾ രസകരവും ഫലപ്രദവുമാണെന്ന് വിദ്യാർത്ഥികൾ അവരുടെ ക്യാമ്പ് റിപ്പോർട്ടിൽ എഴുതാറുണ്ട്. ഒട്ടേറെ സ്കൂളുകളിലും യുവജന കേന്ദ്രങ്ങളിലുമെത്തിയും വിവിധ സ്റ്റേഷനുകളിൽ സേവനമനുഷ്ടിക്കുന്ന ഈ ഹരിതപോലീസ് സംഘം വിദ്യാർത്ഥികളുമായും പൊതുജനങ്ങളുമായും സംവദിക്കാറുണ്ട്. ഡിസംബർ മാസത്തിലെ നാഷണൽ സർവ്വീസ് സിക്കും ദശദിനക്യാമ്പുകളിലും ഇവരെത്തി വിവിധ സെഷനുകൾക്ക് നേതൃത്വം നൽകാറുണ്ട്.

അവരവരുടെ മേഖലകളിൽ സജീവമായും പരിമിതികളെ ഫലപ്രദമായി മറികടന്നും നിശ്ചയദാർഢ്യമുണ്ടെങ്കിൽ സമൂഹത്തിൽ നന്നായി ഇടപെടാനാവുമെന്നും ജീവിതത്തെ ആഘോഷമാക്കാനാവുമെന്നും നിയമങ്ങൾ സമൂഹത്തിന്റെ ഉന്നതിക്കും കെട്ടുറപ്പിനുമായി എല്ലാവരും പിന്തുടരണെന്നുമാണ് ഇവർ നിരന്തരം നൽകുന്ന സന്ദേശം•

33ാം പേജിൽ നിന്നുള്ള തുടർച്ച

### മൂങ്ങകളെ കവർച്ച ചെയ്യുന്നു!

മൂങ്ങകളെ കർഷകരുടെ ബന്ധുവായിട്ടാണ് വിശേഷിപ്പിക്കുന്നത്. മുൻകാലങ്ങളിൽ കൃഷിയിടങ്ങളിലെ എലിശല്യം നിയന്ത്രിക്കാൻ കൃഷിക്കാർ തങ്ങളുടെ വയലുകളിൽ തെങ്ങിൻ പട്ടകൾ കുത്തിനിർത്തും. രാത്രികാലങ്ങളിൽ ഈ പട്ടകളിൽ മൂങ്ങകൾ വന്നിരുന്ന് എലികളെ. പിടിക്കും. പ്രകൃതിയിലെ ഈ പരസ്പരാശ്രിത്വം തിരിച്ചറിഞ്ഞവരായിരുന്നല്ലോ നമ്മുടെ പൂർവ്വികർ. കൃഷിയിടങ്ങളിൽ അമിതമായി വിഷവസ്തുക്കൾ ഉപയോഗിക്കാൻ തുടങ്ങിയതും എലിനിർമ്മാർജ്ജന പരിപാടികളും മൂങ്ങകളെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇലക്ട്രിക് ലൈനുകളും ടവറുകളും ഇവയുടെ ജീവന് ഭീഷണി ഉയർത്തി. കൂടുക്കൂട്ടാനും പ്രജനനത്തിനും അനുയോജ്യമായ ചുറ്റുപാടുകൾ ഇല്ലാതാക്കുന്നതും മൊബൈൽ ഫോൺ തരംഗങ്ങളുടെ പ്രത്യാഘാതങ്ങളും മൂങ്ങയടക്കമുള്ള പക്ഷികളുടെ വംശനാശത്തിന് ഹേതുവായിട്ടുണ്ട്. ഇപ്പോഴിതാ ദുരൂഹമായസാഹചര്യത്തിൽ പുതിയകവർച്ചാസംഘം അവശേഷിക്കുന്ന മൂങ്ങകളുടെ വംശഹത്യനടത്തുന്നു. വന്യജീവിനിയമപ്രകാരം ഗുരുതരമായ കുറ്റകൃത്യമായിഗണിക്കപ്പെടുന്ന ഈ ക്രൂരതകൾക്ക് തടയിടാൻ നമുക്കെന്തു ചെയ്യാനാകും? “മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മാത്രമേ നാം ചിന്തിക്കുന്നുള്ളു എങ്കിൽ നമ്മൾ യഥാർത്ഥത്തിൽ സംസ്കാരസമ്പന്നരാകുന്നില്ല.” ആൽബർട്ട് ഷെറ്റ്സർ•


## അടിമകൾ

**ദേവിചന്ദ്**

**അ**വരുടെ വാക്കുകളിലുള്ള അനാവശ്യമായ വളവുതിരുവുകൾ ഇപ്പോൾ നമ്മെയും ക്രമം തെറ്റിക്കുന്നു. അകാരണമായ ആതോന്നലുകൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. മകന്റെയും ഭാര്യയുടെയും സ്വകാര്യജീവിതത്തിൽ ഇടം നേടാനായി ഒരൊരൊ സുഖാന്വേഷണങ്ങൾ... പാരിതോഷികങ്ങൾ...മരുമകളുടെ അടിവസ്ത്രംപോലും അലക്കിതേച്ച് ഇസ്തിരിയിട്ട്...എന്നിട്ടും...

ശമ്പളവും ഭർത്താവിന്റെ പെൻഷനും ആരോഗ്യവും അവരെ ഒരിക്കലും തിരസ്കരിക്കുന്നില്ല...ഒട്ടകത്തെ മരുഭൂമി ഒരിക്കലും തള്ളിപറയില്ലല്ലോ....?•

# ഗുൽമാർഗ് - കാശ്മീരിന്റെ ഹിമസൗന്ദര്യം


ഫോട്ടോ : ജയപ്രകാശ്

ജയപ്രകാശ് നിലമ്പൂർ

ശ്രീനഗറിലെത്തുന്നഏതൊരു സഞ്ചാരിയും തീർച്ചയായും സന്ദർശിക്കേണ്ട ഹിമസൗന്ദര്യത്തിന്റെ പരിപൂർണ്ണതയാണ് ഗുൽമാർഗിലുള്ളത്. പ്രമുഖ ഐസ് സ്കേറ്റിംഗ് കേന്ദ്രമായ ഇവിടേക്ക് ലോകത്തുനിന്നെമ്പാടും നിരവവധി സന്ദർശകരാണ് എല്ലാവർഷവും എത്തിചേരാറുള്ളത്. ശ്രീനഗറിൽ നിന്ന് പൈൻ മരകാടുകൾക്കിടയിലൂടെ നീളുന്ന 50 കി.മീ യാത്രചെയ്താണ് ഒരു ശനിയാഴ്ച ഉച്ചയോടെ ഗുൽമാർഗീലെത്തിയത്. ഏപ്രിലിന്റെ വേനലിലും ഐസുപാളികളാണെങ്കും സന്ദർശകരുടെ ബാഹുല്യം ഹോട്ടലുകളിൽപോലും നല്ല തിരക്ക്. മഞ്ഞിൽ കുതിരപുറത്തേറിയുള്ളയാത്ര വനിതകൾ നന്നായി ആസ്വദിക്കുന്നു. മഞ്ഞുമലകൾക്കിടയിലൂടെയുള്ള റോപ്പ്വേയാത്ര ഏറെ ആകർഷകമായതിനാൽ നല്ല തിരക്കാണ് അവിടെയും ടിക്കറ്റ് നൽകൽ നിർത്തിവച്ചിരിക്കുന്നു.

അവിടെവച്ച് പരിചയപ്പെട്ട നോർവക്കാരി എലിസബത്ത് ഐറിന് ഇത്തരമൊരു യാത്രാനുഭവം സ്വിറ്റ്സർ ലാന്റിൽ മാത്രമേ ഇനികിട്ടു എന്നാണ് അഭിപ്രായം കൂട്ടുകാരനായ ജോവാനോടൊപ്പം ഒരു മാസത്തെ ഇന്ത്യ സന്ദർശനത്തിനെത്തിയതാണവർ, കേരളത്തെ കുറിച്ച് ചെറിയ അറിവേ അവർക്കുള്ളു. അടുത്ത തവണ തീർച്ചയായും കേരളത്തിലെത്തും എന്ന ഉറപ്പോടെയാണ് ഗ്രാഫിക്ക് ഡിസൈനറും ഫോട്ടോഗ്രാഫറുമായ ഐറീൻ യാത്ര പറഞ്ഞത് മഞ്ഞുകാലത്ത് റോഡിൽ പത്തടിയിലെറേ കനത്തിൽ മഞ്ഞുവീഴുന്നു ഇവിടെ മാർച്ച് മുതൽ നവംബർ വരെയാണ് സന്ദർശക കാലം. ഇവിടെത്തെ ചില വീടുകളും പ്രകൃതി പഠനകേന്ദ്രത്തിൽ നിന്നുള്ള 12 അംഗ ഭാരതയാത്ര സംഘം സന്ദർശിച്ചു ഡിസംബർ-ജനുവരിയിൽ ഇവരുടെമുറ്റത്ത് 8-10 അടികനത്തിൽ മഞ്ഞുപാളികളാവും പുറത്തിറങ്ങാനാവാത്ത രണ്ടു-രണ്ടരമാസം കരകൗശലവസ്തുക്കളുടെ നിർമ്മാണമാണ് അക്കാലത്തെ തൊഴിൽ. മിക്കപുരുഷൻമാരും കുതിരക്കാരും കച്ചവടക്കാരുമണ്. കൃഷി ഈ ഭാഗത്ത് വളരെ കുറവാണ്.

വിദേശനിർമിത കോട്ടുകളുടെയും ജാക്കറ്റുകളുടെയും ഷൂസുകളുടെയും മികച്ച വിപണിയാണ് ഗുൽമാർഗ്. ഗുജറാത്ത്-ചെന്നൈ തുറമുഖം വഴി യൂറോപ്യൻ -അമേരിക്കൻ ഇനങ്ങൾ രണ്ടാംനിര വിൽപ്പനക്കായി ഇവിടെയെത്തി മികച്ച വിലക്കുറവിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഹോട്ടലുകളിൽ മസാലദോശ ഇവിടെയും കിട്ടും. മലയാളിയും തമിഴനും പണ്ടെ ഇവിടെയെത്തി എന്നർത്ഥം. 27 രൂപയാണ് മസാലദോശക്ക്. പഴയകാശ്മീർ രാജാക്കൻമാർ വിപുലീകരിച്ചെടുത്ത ഗുൽമാർഗ് 18ാം നൂറ്റാണ്ടുമുതൽ മഞ്ഞുഗെയിമുകളുടെ കേന്ദ്രമാണ്. യൂറോപ്യൻ കാലവസ്ഥയായതിനാൽ എല്ലാകാലത്തും ഇവിടെ വിദേശിയരെത്തും. കാശ്മീരിലെ അസ്ഥിരതകളും ആക്രമണങ്ങളും ടൂറിസംമേഖലയെ പ്രതികൂലമായിബാധിക്കുന്നുണ്ട് എന്നാണ് കച്ചവടക്കാർ പറയുന്നത്. ഹിമവാന്റെ താഴ്വരയിലെ ഈ മഞ്ഞുകേന്ദ്രം ശ്രീനഗറിലെത്തുന്ന സഞ്ചാരികളെ വീണ്ടും ഇതുവഴി യാത്ര വരാൻ പ്രേരിപ്പിക്കുന്ന പ്രധാന ആകർഷണമാണ്. ചെഞ്ചായം പൂശിയ അസ്തമന മഞ്ഞു കാഴ്ചക്ക്ശേഷമാണ് തടാകത്തിലെ ഷിക്കാരയിലേക്ക് വിറക്കുന്ന തണുപ്പിൽ ഞങ്ങൾ മടക്കയാത്ര തുടങ്ങിയത്. ദീപ്തവും ഹൃദ്യവുമായ കാഴ്ചാനുഭവങ്ങളുമായി●

20ാം പേജിൽ നിന്നുള്ള തുടർച്ച

## .....റെയിച്ചൽ കാഴ്സൺ

ചെയ്തു. മനുഷ്യന് ഒട്ടും സ്ഥാനമില്ലാതെ അവർരചിച്ച 'നമുക്കു ചുറ്റുമുള്ള കടൽ' (The Sea Around us) ലക്ഷകണക്കിന് ആളുകളെ ആകർഷിച്ചു. പുസ്തക വിൽപ്പനയിലൂടെ ലഭിച്ച പണംകൊണ്ട് കടൽ തീരത്ത് ഒരു കൊച്ചുവീട് നിർമ്മിച്ച് താമസമാക്കി. കടലിന്റെ അതിർവരമ്പ് (The edge of the sea)എന്നപുസ്തകവും വിസ്മയബോധം (The sence of Wonder) എന്ന പുസ്തകവും പ്രസിദ്ധമാണ്. വിസ്മയബോധം ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട ഒരു പരിസ്ഥിതി ക്ലാസിക്ക് കൃതിയാണ്. പ്രകൃതി പഠനത്തിന്റെ മാർഗ്ഗരേഖയും ഔപചാരിക വിദ്യാഭ്യാസരീതിയുടെ പൊളിച്ചെഴുത്ത് അനിവാര്യമാണെന്ന് ബോധ്യപ്പെടുത്തി ബദൽ പ്രയോഗിക രീതി പരിചയപ്പെടുത്തുന്ന പുസ്തകവുമാണിത്. സൈലന്റ് സ്പ്രിംഗിന്റെ രചനയിലൂടെ വൻകിട രാസഫാക്ടറിക്കാരിൽ നിന്നും ഭരണകൂടത്തിൽ നിന്നും ശക്തമായ വിമർശനങ്ങളും എതിർപ്പുകളും നേരിടേണ്ടിവന്ന റെയ്ച്ചൽകാർസൺ അവകൂസാതെ പ്രകൃതിയുടെ പരിരക്ഷണത്തിനായി പ്രയത്നിച്ചു. ജീവനോടുള്ള ആദരവ് (Reverence for life)) എന്ന ആശയം മുറുകെപിടിച്ച അവർക്ക് ഒട്ടേറെ ബഹുമതികളും ലഭിച്ചു. 1964 ഏപ്രിൽ 14 ന് 56ാം വയസ്സിൽ അന്തരിച്ചു●

കഥ

## കൃഷി

ഷിനോജെക്കബ്കൂറ്റനാട്

രണ്ടേക്രവയലിൽ കഷ്ടപ്പെട്ട് കൃഷിചെയ്ത് നെല്ലുണ്ടാക്കി ചോറുണ്ണുന്നതിനേക്കാൾ ലാഭകരം കടയിൽ നിന്നും അരിവാങ്ങുന്നതാണെന്ന് ഐ.ടി.ഉദ്യോഗസ്ഥനായ മകൻ കണക്കുകൾ നിരത്തി സമർത്ഥിച്ചപ്പോൾ വൃദ്ധൻ കൃഷിയിടവും മാടുകളേയും വിറ്റു. ഒന്നരയേക്കർ തോട്ടത്തിൽ നിന്നും കിട്ടുന്ന കായ്കറിയുടെ വിലയേക്കാൾ കൂടുതൽ പണം ബേങ്ക്പലിശയിനത്തിൽ കിട്ടുമെന്ന് മകൻ പറഞ്ഞപ്പോൾ അയാൾ തോട്ടംവിറ്റ പണം ഫിക്സഡ് ഡെപ്പോസിറ്റിൽ ഇട്ടു. നെൽവയലും തോട്ടവും മാടുകളും പോയപ്പോൾ വൃദ്ധനും ഭാര്യയും പ്രത്യേകിച്ച് ജോലിയൊന്നും ഇല്ലാത്തവരായി മാറി. ആഗോള സാമ്പത്തിക മാന്ദ്യം വന്നതോടെ ഐ.ടി ഉദ്യോഗസ്ഥനായ മകൻ അയക്കുന്ന പണം പച്ചക്കറി, പലചരക്ക് കടകളിൽ കൊടുക്കാൻ തികയാതെവന്നു.

ചീരയും വാഴയും ചേനത്തണ്ടും പപ്പായയും നിറഞ്ഞു നിന്നിരുന്ന തന്റെ തോട്ടത്തെക്കുറിച്ചുള്ള ദു:ഖ സ്മരണകൾ ഉയർന്നപ്പോൾ വൃദ്ധന്റെ കണ്ണുകളിൽ നിന്നും രണ്ടിറ്റുകണ്ണുനീർ കോൺക്രീറ്റ് ചെയ്ത മുറ്റത്തുവീണു.

പെട്ടന്ന് കണ്ണിലുടക്കിയ ഒരു കാഴ്ച അയാളെ ആഹ്ലാദചിത്തനാക്കി. അതാ..കോൺക്രീറ്റ് മുറ്റത്തിനോരത്ത് മണ്ണ് തെളിഞ്ഞു കിടന്ന ഒരു മൂലയിൽ ഒരു തകരച്ചെടി മുളച്ചു നിൽക്കുന്നു●

ഇങ്ങനെയും ചിലർ

# പ്ലാസ്റ്റിക്കിനെതിരെ ഒരു ഒറ്റയാൾ പോരാട്ടം

**അഞ്ജലി.എസ്. എൻ.കൊല്ലങ്കോട്.**

തന്നാൽക്കഴിയുന്ന കൊച്ചു കൊച്ചു പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക്കിന്റെ അമിതോപയോഗത്തിനെതിരെ പൊരുതുകയാണ് പാലക്കാട് ജില്ലയിലെ നെമ്മാറക്കടുത്ത, കണിമംഗലം ഗ്രാമത്തിലെ രാധാകൃഷ്ണൻ. പരിസ്ഥിതി നാശത്തിന് പ്ലാസ്റ്റിക്ക് വഹിക്കുന്ന പങ്ക്, സ്വന്തം അനുഭവങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും മനസിലാക്കാൻ തുടങ്ങിയതോടെയാണ് രാധാകൃഷ്ണൻ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടു തുടങ്ങിയത്. ആദ്യമൊക്കെ. വീട്ടനകത്തും പുറത്തും വലിയ എതിർപ്പുകളും, കളിയാക്കലുകളും ഉണ്ടായിരുന്നു. പക്ഷേ, രാധാകൃഷ്ണൻ ഉറച്ചുനിന്നതോടെ അതെല്ലാം മാറിവരുന്നു. സുഹൃത്തുക്കൾ രാധാകൃഷ്ണന് ശക്തമായ പിന്തുണയും നൽകുന്നു.

മനുഷ്യന്റെ അശ്രദ്ധയും, സാമാന്യമര്യാദകൾ പാലിക്കാതിരിക്കലുമാണ് പല ദൂഷ്യഫലങ്ങൾക്കും കാരണമാകുന്നത് എന്നാണ് രാധാകൃഷ്ണന്റെ അഭിപ്രായം. അടിസ്ഥാനവശ്യങ്ങൾക്കുപരിയായി ആഡംബരങ്ങൾക്ക് പ്രാധാന്യം നൽകുന്ന കാഴ്ചപ്പാടിനോടും രാധാകൃഷ്ണന് യോജിപ്പില്ല.

പണ്ടൊക്കെ ഒരു മരം മുറിക്കണമെങ്കിൽ ആ മരത്തോട് അനുവാദം ചോദിക്കുമായിരുന്നു. ഇന്ന് അതില്ലെന്ന് മാത്രമല്ല, വെട്ടുന്ന മരങ്ങൾ പലതും ആഡംബരത്തിനായാണ് ഉപയോഗിക്കുന്നത്; അടിസ്ഥാനപരമായ ആവശ്യങ്ങൾക്കല്ല. അതുപോലെ, ഓരോ വ്യക്തിയും നിത്യജീവിതത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് നല്ലതാണെന്ന് തോന്നി. ആദ്യം അത് സ്വന്തം ജീവിതത്തിൽ നിന്ന് തന്നെ തുടങ്ങണമെന്ന് കരുതി.

അതിനെ ഒറ്റയാൾ പോരാട്ടം എന്നൊന്നും പറയാൻ പറ്റില്ല. എന്നാലാവുന്നത് ഞാൻ ചെയ്യുന്നു. നിങ്ങളാലാവുന്നത് നിങ്ങൾക്കും ചെയ്യാം -രാധാകൃഷ്ണൻ പറയുന്നു.

LIC ഏജന്റായ രാധാകൃഷ്ണൻ നല്ലൊരു 'സമയൽ' ക്കാരനുമാണ്. (വിവാഹം തുടങ്ങിയ വിശേഷങ്ങളിൽ പാചകം ചെയ്യുക) രാധാകൃഷ്ണൻ ഉണ്ടെങ്കിൽ സമയൽ സെറ്റിലെ മറ്റുള്ളവർക്ക് മുൻപ് തലവേദനയായിരുന്നു. കാരണം മുമ്പ്, സാധനങ്ങൾ പാക്ക്ചെയ്ത പ്ലാസ്റ്റിക്ക് കവറുകൾ നേരെ അടുപ്പിലേക്കാണ് പോകാറ്. എന്നാൽ രാധാകൃഷ്ണൻ ഉണ്ടെങ്കിൽ അതിന് സമ്മതിക്കില്ല. ഇപ്പോൾ മറ്റുള്ളവരും അത് മനസ്സിലാക്കി പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുകയാണ്.

പ്ലാസ്റ്റിക്ക് കവറുകൾ ശരിയായി ഉപയോഗിക്കാത്തതിനെ ചൊല്ലി വീട്ടിലും ബഹളക്കാരനായപ്പോൾ വട്ടൻ എന്ന ചെല്ലപ്പേരും വീണു. കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ, പ്ലാസ്റ്റിക്ക് കവറുകൾ ചോദിച്ച് വാങ്ങുന്നത് പലപ്പോഴും വിദ്യാസമ്പന്നരാണെന്നതാണ് നിർഭാഗ്യകരമായ ഒരു കാര്യം. കടലാസിൽ പൊതിഞ്ഞോ, തുണിസഞ്ചിയിലോ കൊണ്ടുപോകാൻ ഇവർ തയ്യാറല്ല.

30 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക്ക് കവറുകൾ ഉപയോഗിക്കരുത് എന്നു പറയുന്നതിനുപകരം, സർക്കാർ എന്തു കൊണ്ട് അവയുടെ നിർമ്മാണം നിരോധിക്കുന്നില്ല? രാധാകൃഷ്ണൻ ചോദിക്കുന്നു.

പ്ലാസ്റ്റിക്ക് കവറുകളിൽ പാക്ക് ചെയ്ത് വിൽക്കുന്ന സാധനങ്ങൾക്ക് ഗുണമേന്മ കൂടുതലായിരിക്കുമെന്ന് മലയാളി തെറ്റിദ്ധരിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഉപ്പു മുതൽ അരിവരെ നമ്മൾ പാക്കു ചെയ്തവ വാങ്ങുന്നത്. ഗോതമ്പു പൊടിയും, മുളകുപൊടിയും എല്ലാം ലൂസ് ആയി വാങ്ങിയിരുന്ന നമ്മുടെ പഴയ സംസ്കാരത്തിലേക്ക് തിരിച്ചുപോകേണ്ടിയിരിക്കുന്നു.

ദിവസവും നാലുപേരോടെങ്കിലും പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങളേക്കുറിച്ച് സംസാരിക്കുമെന്നാണ് രാധാകൃഷ്ണൻ ഇപ്പോൾ പ്രതിജ്ഞയെടുത്തിരിക്കുന്നത്. ഹോട്ടലുകളിൽ കയറി. ബോധപൂർവ്വം ചായ ഓർഡർ ചെയ്യുകയും. ബോയിലറിന്റെ മുകളിൽ വച്ച്, പാൽ കവറിനകത്തുവച്ചുതന്നെ തിളപ്പിക്കുന്നതും ചൂണ്ടിക്കാട്ടി, ഓർഡർ ചെയ്ത ചായ കാൻസൽ ചെയ്യുക. കടകളിൽപ്ലാസ്റ്റിക്ക് കവറുകളിൽ സാധനങ്ങൾ കൊടുക്കുന്നതിനെതിരെ പറയുക തുടങ്ങിയവയൊക്കെ രാധാകൃഷ്ണന്റെ ചര്യകളാണ്. അവിടെക്കൂടുന്ന നാലുപേരെങ്കിലും. ഇതിന്റെ ദൂഷവശങ്ങളെക്കുറിച്ച് മനസ്സിലാക്കണം എന്നുള്ളതുകൊണ്ടാണ് മനപൂർവ്വം പ്രശ്നങ്ങളുണ്ടാക്കുന്നത്. വിദ്യാർത്ഥികളെ സംഘടിപ്പിച്ച് വീടുകളിൽ കയറിയിറങ്ങി പഴയപ്ലാസ്റ്റിക്ക് കവറുകൾ ശേഖരിച്ച്. അവ കടകളിൽ കൊടുത്ത്, പുതിയകവറുകളുടെ ഉപയോഗം, പരമാവധി കുറയ്ക്കണമെന്ന് കരുതുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാനുള്ള പദ്ധതിയുണ്ട് കൊല്ലങ്കോട്ടെ ആശ്രയം റൂറൽ ഡവലപ്മെന്റ് സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ട് കൂടിയായ രാധാകൃഷ്ണന്.

രാധാകൃഷ്ണൻ സ്വപ്നം കാണുന്നു, പ്ലാസ്റ്റിക്ക് വളരെ മിതമായതോതിൽ മാത്രം ഉപയോഗിക്കുന്ന ഒരു സമൂഹത്തെ. ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി നമുക്കും പങ്കുചേരാം.........





കഥയും പൊരുളും

## ആപ്പിൾമരത്തിൽ മാങ്ങ!

ആധുനിക കൃഷിരീതികൾ എന്ന വിഷയം ഐച്ഛികമായി എടുത്ത് പഠനം നടത്തുന്ന ഒരു പറ്റം വിദ്യാർത്ഥികൾ പഠനയാത്രയുടെ ഭാഗമായി ഒരു കർഷകന്റെ തോട്ടത്തിലെത്തി. "നോക്കൂ നിങ്ങളുടെ കൃഷിരീതി വളരെ അശാസ്ത്രീയമാണ് അതാണ് നിങ്ങളുടെ വിളവ് ഇത്രയും കുറയാൻ കാരണം. ആ മാവുതന്നെ നോക്കൂ ആധുനിക കൃഷിരീതികൾ പരീക്ഷിക്കുകയാണെങ്കിൽ നിങ്ങൾക്ക് അതിൽ നിന്നും ഇപ്പോൾ കിട്ടുന്നതിന്റെ ഇരട്ടിമാങ്ങകൾ കിട്ടും. " വിദ്യാർത്ഥികളിൽ ഒരാൾ പറഞ്ഞു . അപ്പോൾ കർഷകൻ പ്രതിവചിച്ചു: "ഇല്ലാ തീർച്ചയായും കഴിയില്ല. കാരണം അതൊരു മാവല്ലാ ആപ്പിൾ മരമാണ്" •

*സമ്പാദകൻ : കെ.ആർ ഹരി*

# "പോയിന്റ് റ്റൂ പോയിന്റ്" ടാക്സി

**വർദ്ധിച്ചുവരുന്ന ട്രാഫിക് ബ്ലോക്കുകളും ജനത്തിരക്കും വൻനഗരങ്ങളെയും ഇടത്തരം പട്ടണങ്ങളെവരെയും ഞെരുക്കുമ്പോൾ ഫലപ്രദമായ പുതിയയാത്രമാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു**

**മു**ംബയിലും മറ്റും "പോയിന്റ് റ്റൂ പോയിന്റ്" ടാക്സിസമ്പ്രദായം ചിലരെങ്കിലും കണ്ടുകാണും. Aയിൽ നിന്നു B ലേക്കു പോകേണ്ടവർ പോകേണ്ടവർ ഒരു പ്രത്യേക ക്യൂ ആയി നിൽക്കും. ഒഴിഞ്ഞു വരുന്ന ടാക്സികൾ ഒന്നിനൊന്നായി അവിടെ വരും. ടാക്സിയുടെ വലുപ്പമനുസ്സരിച്ച് മൂന്നോ നാലോ പേർ അതിൽ കയറും. നേരേ B യിലേക്ക്. ഇടയ്ക്ക് ആരെയും ഇറക്കലോ കയറ്റലോ ഇല്ല. ടാക്സിക്കൂലിയുടെ ഓഹരി ഓരോരുത്തരും കൊടുത്താൽ മതി.

എന്തുകൊണ്ട് ഇത് ഇവിടെയും പാടില്ല? യാത്രക്കാർക്ക് എത്ര സൗകര്യമാണ്! ടാക്സികാർക്കും വാസ്തവത്തിൽ പ്രയോജനപ്രദമാണ്. അത്രയും കൂടുതൽ ഓട്ടം കിട്ടുമല്ലോ.. ആരാണ് ഇതിനെ എതിർക്കാൻ സാധ്യത? കെ.എസ്.ആർ. ടി.സി.യും സ്വകാര്യ ബസ്സുകാരും എതിർത്തേക്കാം. അവർക്കു കിട്ടുമായിരുന്ന ബിസിനസ്സാണല്ലോ നഷ്ടമാകുന്നത്. ആ എതിർപ്പിൽ കാര്യമില്ല. അവർക്ക് സമയത്തിനും സൗകര്യത്തിനും സർവീസ് നടത്താൻ പറ്റാത്തതു കൊണ്ടാണല്ലോ സ്വല്പം കൂടുതൽ ചെലവുവഹിച്ച് ടാക്സി ഉപയോഗിക്കാൻ യാത്രക്കാർ തയ്യാ റാകുന്നത്. പോരെങ്കിൽ അവരുടെ സർവീസുകൾ മിക്കവാറും തിങ്ങി നിറഞ്ഞാണ് ഓടുന്നതും. പിന്നെ എതിർക്കാനിടയുള്ളത് ടാക്സിക്കാരാണ്. ഓരോ യാത്രക്കാരനും ഒറ്റയ്ക്കു വിളിക്കേണ്ടിയിരുന്ന ടാക്സി (ആട്ടോറിക്ഷ) പങ്കുവച്ചു പോകുന്ന തുകൊണ്ട് അവരുടെയും ബിസിനസ്സ് അവസരം കുറയുന്നു എന്ന് ആക്ഷേപിക്കാം. ഈ രണ്ടു വാദങ്ങളിലും ജനങ്ങളുടെ സൗകര്യത്തേക്കാൾ പ്രധാനമായി മുതൽമുടക്കി സർവീസു തരുന്നവരുടെ ബിസിനസ്സ് താല്പര്യമാണു സംരക്ഷിക്കപ്പെടേണ്ടത് എന്ന വാദമാണു മുഴച്ചു നിൽക്കുന്നത് എന്നതു ശ്രദ്ധിക്കുമല്ലോ. ഇവർ കാണാതെ പോകുന്ന മറ്റൊരു വശം കൂടി ഉണ്ട്. മേൽ സൂചിപ്പിച്ചതു പോലുള്ള പോയന്റ് റ്റു പോയന്റ് ടാക്സി (ആട്ടോറിക്ഷാ) സെർവീസു വന്നാൽ, ഇപ്പോൾ ടാക്സി (ആട്ടോ) വിളിക്കാൻ മടിക്കുന്ന ഒരുപാടുപേർ ആ സേവനം ഉപയോഗിക്കും. അങ്ങനെ പുതിയ ബിസിനസ്സ് ഉണ്ടാകുകയാണു ചെയ്യുക. വളർച്ചയെ ഭയപ്പെടുകയും ഉള്ളതിൽ കുറേക്കൂടി വലിയ ഓഹരി തട്ടിയെടുക്കാനായിമുഷ്ക്കു കാട്ടുകയും ചെയ്യുന്ന ഒരു സമീപനമാണിതിൽ പ്രകടമാകുന്നത് എന്നു തോന്നുന്നു.

ഇപ്പോഴിതു പറയാൻ ഒരു സവിശേഷകാരണമുണ്ട്. ഭാവിയിലെ ഗതാഗതമാതൃക ഇതായിരിക്കാം എന്ന് ഒരു ആശയം ശക്തിപ്പെട്ടു വരികയാണ്. ഷെയർ ടാക്സിയിൽ നിന്നു പലതലം മുന്നിലുള്ള ആ മാതൃകയ്ക്ക് "പോഡ്കാർ" (PODCAR) എന്നാണു പേരിട്ടിരിക്കുന്നത് (ഐ-പോഡ്-ലെ പോഡ്) ഫുള്ളി ആട്ടോമാറ്റിക്. ഡ്രൈവർ ഇല്ല. റിമോട്ട് കണ്ട്രോൾ. 2 മുതൽ 10 പേർക്കുവരെ കയറാവുന്ന ചെറു വാഹനങ്ങൾ. നിശ്ചിത റൂട്ടുകളിലുള്ള ട്രാക്കുകളിലോ ഉയരത്തിൽ സ്ഥാപിച്ച പാതകളിലൂടെയോ ആയരിക്കും അവ ചലിക്കുക. വൈദ്യുതിയായിരിക്കും ചാലകശക്തി എന്നു പറയേണ്ടതില്ലല്ലോ. നിശ്ചിത പോയന്റിൽ ചെന്ന് നമുക്കു പോകേണ്ടസ്റ്റേഷൻ കംപ്യൂട്ടറിൽ രേഖപ്പെടുത്തുക. വ്യത്യസ്തലക്ഷ്യങ്ങളിലേയ്ക്കുള്ള പോഡ്കാറുകൾ ഒന്നൊന്നായി സ്റ്റോപ്പിലെത്തും. നമ്മുടെ വാഹനം വരുമ്പോൾ കയറാം. അതേ ലക്ഷ്യത്തിലേയ്ക്കുള്ള മറ്റു യാത്രക്കാർക്കും കയറാം. ഇടയ്ക്കു നിർത്തില്ല, നേരേ ലക്ഷ്യത്തിലേയ്ക്കുകുതിക്കും എന്നിടത്താണു വ്യത്യസ്തത. ന്യൂയോർക്കിലെ ഇത്താക്ക നഗരത്തിൽ പ്രവർത്തിക്കുന്ന കണക്ട് ഇത്താക്ക് എന്ന ഗവേഷണ-വികസന-ആസൂത്രണ-ആക്ടിവിസ്റ്റ് ഗ്രൂപ്പ് ആണ് ഈ സങ്കല്പവുമായി മുന്നോട്ടു പോകുന്നത്. അബുദാബിയുലെ മാസ്ഡാർസിറ്റിയ്ക്കുവേണ്ടി ഇത്തരമൊരു ശൃംഖല പണിപ്പുരയിലാണത്രേ.

ഫുള്ളി ആട്ടോമാറ്റിക്കും റിമോട്ട് കണ്ട്രോളും ഒന്നുമില്ലെങ്കിലും പോയിന്റ് റ്റു പോയ്ന്റ് ഷെയർ ടാക്സി (ആട്ടോറിക്ഷ) സംവിധാനം നമുക്കും പരീക്ഷിച്ചു നോക്കാവുന്നതേയുള്ളു! പക്ഷേ അതിന് ജനങ്ങളുടെ താത്പര്യത്തെ സംഘടിത ശക്തികളുടെയും മൂലധനത്തിന്റെയും താത്പര്യത്തിനു മുകളിൽ പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു ●

*കടപ്പാട് : ശാസ്ത്രഗതി*

1886 നവംബർ മാസത്തിൽ കാൾ ബെൻസ് എന്ന ആൾക്ക് തന്റെ ഗ്യാസ് എഞ്ചിൻ മോട്ടോർകാറിന് പേറ്റന്റ് ലഭിച്ചു. ഓട്ടോമൊബൈൽ വ്യവസായത്തിന്റെ ജനനസർട്ടിഫിക്കറ്റായി അത് കരുതപ്പെടുന്നു പീന്നീട് പലതലമുറകളിൽപ്പെട്ട മോട്ടോർ വാഹനങ്ങൾ നിരത്തിലിറങ്ങി. രൂപത്തിലും ഭാവത്തിലും വലിയമാറ്റങ്ങൾ വന്നെങ്കിലും യാത്രചെയ്യുക എന്നതുതന്നെയായിരുന്നു എല്ലാത്തിന്റെയും പ്രയോജനം. വേഗതയുടെ കാര്യത്തിലും മറ്റ് സൗകര്യങ്ങളുടെ കാര്യത്തിലും മാത്രമായിരുന്നു മാറ്റങ്ങൾ. ആധുനിക സൗകര്യങ്ങളുള്ള ഒരു കാറിന്റെ ഇന്ധനത്തിൽ നിന്നുള്ള ഊർജ്ജത്തിന്റെ കേവലം 30ശതമാനം മാത്രമെ വീലുകളിലേക്ക് എത്തുന്നുള്ളു എന്നാണ് പഠനം ബാക്കി ഊർജ്ജമത്രയും വിനിയോഗിക്കപ്പെടുന്നത് ശീതീകരണി, പവർ സ്റ്റിയറിംഗ് തുടങ്ങിയ സൗകര്യങ്ങൾക്ക് വേണ്ടിയാണ് സഞ്ചരിക്കുക എന്നതിലപ്പുറം സഞ്ചാരം ഒരു അനുഭവം ആക്കുക എന്നതിലാണ് ആധുനിക യാത്രാവാഹനങ്ങൾ മത്സരിക്കുന്നത് ഇന്ധനപാഴ്ച്ചിലവിന്റെ മാതൃകകളാണ. ഒരോ പുതുവാഹനമോഡലുകളും.

## മോട്ടോർ കാറുകൾ തലമുറകളിലൂടെ........





ജോൺസിയുടെ

പ്രകൃതിപാഠം

# ചില ആരോഗ്യചിന്തകൾ

പ്രൊഫ: ജോൺസി

**1976-ൽ അമേരിക്കയിലെ ലോസ് ആഞ്ജലീസ് നഗരത്തിലെ ഡോക്ടർമാർ അഞ്ചാഴ്ചക്കാലം നീണ്ടുനിന്ന ഒരു പണിമുടക്കിലേർപ്പെട്ടുവത്രെ. കേരളത്തിലായിരുന്നു ഈ സംഭവമെങ്കിൽ മരുന്നും സേവനവും കിട്ടാതെ മരിക്കാൻപോകുന്ന രോഗികളെക്കുറിച്ചുള്ള വിലാപങ്ങളാവും വാർത്താമാദ്ധ്യമങ്ങളിൽ.എന്നാൽ എന്താണ് സംഭവിച്ചത്? ആസ്പത്രികളിലെ മരണനിരക്ക് കൂടുകയല്ല, കുറയുകയാണുണ്ടായതത്രേ സമരം തീർന്ന് ഡോക്ടർമാർ പണിക്ക് കയറിയതോടെ മരണനിരക്ക് പെട്ടെന്ന് ഉയരുകയും ചെയ്തു.**

**ആ**രോഗ്യസംരക്ഷണം ഒരു തനി ഭ്രാന്തായി മാറിയിരിക്കുന്ന കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത് എന്ന് തോന്നുന്നു. കാരണം, മാദ്ധ്യമങ്ങളിൽ എല്ലാം എങ്ങനെ ആരോഗ്യം നേടാം, നിലനിർത്താം എന്നുള്ള ഉപദേശങ്ങളാണ്. എന്ത് എങ്ങനെ ഭക്ഷിക്കാം:ഏത് സോപ്പ്, ഷാമ്പൂ, പൗഡർ, ക്രീം ഉപയോഗിക്കണം: എങ്ങനെ വ്യായാമം ചെയ്യണം, ഉറങ്ങണം ഇത്യാദി ഉപദേശങ്ങളാണ് പടപ്പെട്ടിയിൽ നിന്ന് ഒഴുകിവരുന്നത്. ഇവയ്ക്കിടയിൽ ഡോക്ടർമാരുടെ ഉപദേശങ്ങളും ധാരാളം ഉണ്ട്. പൊതുപ്ലാറ്റ്ഫോറങ്ങളിൽ നിന്നുപോലും ആരോഗ്യ സംബന്ധിയായ ഉപദേശങ്ങളാണിന്ന് ലഭിക്കുന്നത്. ഇതെല്ലാം കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന സാധാരണക്കാർ അമ്പരന്നുനിൽക്കുന്നു കാരണം ഉപദേശങ്ങളിലെ പരസ്പര വൈരുദ്ധ്യം തന്നെ.

പണ്ട് നമ്മുടെസ്ഥിതി ഇതായിരുന്നില്ലല്ലൊ അന്ന് നമ്മുടെ ഗ്രാമങ്ങളിലെ ജനങ്ങൾ എന്തെങ്കിലും തിന്നും കുടിച്ചും പണിയെടുത്തും വിശ്രമിച്ചും, വിവാഹം കഴിച്ചു മക്കളെ ഉത്പാദിപ്പിച്ചും വലിയ അല്ലലൊന്നും കൂടാതെ കഴിഞ്ഞിരുന്നു രോഗങ്ങളും അത്യാഹിതങ്ങളും ഉണ്ടായിരുന്നതേയില്ല എന്ന് ഇതിനർത്ഥമില്ല. എന്നാൽ രോഗിക്ക് അത്യാവശ്യം വേണ്ട ചികിത്സയും സ്നേഹപൂർണ്ണമായപരിചരണവും വീട്ടിൽത്തന്നെ ലഭ്യമായിരുന്നു. അന്ന് ഓരോ മുത്തശ്ശിയും ഓരോ വൈദ്യർ ആയിരുന്നു. ഓരോ അടുക്കളയും ഓരോ ഫാർമസിയും ഓരോവീട്ടുവളപ്പും ഓരോ ഔഷധത്തോട്ടവും ആയിരുന്നല്ലൊ വീട്ടിൽ ലഭ്യമല്ലാത്ത ചികിത്സയും പരിചരണവും ഗ്രാമത്തിലെ ചില കുടുംബങ്ങളിൽനിന്ന് ലഭിച്ചിരുന്നു. പാമ്പ് കടിച്ചാൽ വിഷഹാരി വസൂരി ബാധവന്നാൽ അതിന് ചികിത്സിക്കുന്നയാൾ. ഒടിവിനും ചതവിനും കളരിക്കാരൻ. മഞ്ഞപ്പിത്തത്തിന് ഒറ്റമൂലി തരുന്നയാൾ. ഇതൊക്കെ ആയിരുന്നപ്പോൾ രോഗികൾ മരിച്ചിരുന്നില്ലേ എന്നാണ് ചോദ്യമെങ്കിൽ ഉവ്വ് എന്നു തന്നെയാണ് ഉത്തരം. ഇന്നത്തെപ്പോലെ കൊന്നൊടുക്കുന്ന രോഗികളുടെ ഞെട്ടിപ്പിക്കുന്ന കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ അന്ന് ഇത്രയേറെ മരണങ്ങൾ ഇപ്രകാരം ഉണ്ടായിരുന്നില്ല എന്നുവേണം അനുമാനിക്കാൻ.

ഡോക്ടർമാരും ആസ്പത്രികളും മരുന്നുകളുമാണ് ആരോഗ്യം വർദ്ധിപ്പിക്കാൻ സഹായിക്കുന്നത് എന്നൊരുഅന്ധവിശ്വാസം നമ്മെപിടികൂടിയിരിക്കുകയാണിന്ന്. യഥാർത്ഥത്തിൽ ഡോക്ടർമാർ കൂടുന്നത് രോഗികൾ കൂടിയിട്ടോ കുറഞ്ഞിട്ടോ? ആസ്പത്രിയിലെ കിടക്കകൾ വർദ്ധിപ്പിക്കുന്നത് കൂടുതൽപേർ രോഗികളാകുന്നതു കൊണ്ടോ, അതോ ആരോഗ്യവാൻമാരാകുന്നതുകൊണ്ടോ? ജനത്തിന് ആരോഗ്യം വർദ്ധിക്കുമ്പോൾ ഡോക്ടർമാരും ആസ്പത്രിക്കിടക്കകളും കുറയുകയല്ലേ വേണ്ടത്? അടുത്തകാലത്ത് നടന്ന പഠനങ്ങൾ വ്യക്തമാക്കിയിരിക്കുന്നത് ഡോക്ടർമാരും ആസ്പത്രികളും കൂടുന്നതനുസരിച്ച് രോഗികളുടെ എണ്ണവും വർദ്ധിക്കുന്നു എന്നാണ്. രോഗികൾ കൂടുമ്പോൾ ഡോക്ടർമാർ കൂടുന്നു. ഡോക്ടർമാർ കൂടുമ്പോൾ രോഗികൾ പിന്നെയും കൂടുന്നു. അങ്ങനെ ഡോക്ടർമാരും രോഗികളും തമ്മിൽ ഒരു മത്സരിച്ചോട്ടം നടക്കുകയാണ്. ആരാണിതിൽ ജയിക്കുക ഇന്നത്തെ നിലവച്ചുപറയുകയാണെങ്കിൽ, ജയം ഡോക്ടർമാർക്കു തന്നെയാവണം. കാരണം അവർക്കാണല്ലൊ പണം കിട്ടുന്നത് ഇയ്യിടെ വായിച്ച ഒരു കാര്യം ഓർമ്മയിൽ വരുന്നു. 1976-ൽ അമേരിക്കയിലെ ലോസ് ആഞ്ജലീസ് നഗരത്തിലെ ഡോക്ടർമാർ അഞ്ചാഴ്ചക്കാലം നീണ്ടുനിന്ന ഒരു പണിമുടക്കിലേർപ്പെട്ടുവത്രെ. അപ്പോൾ രോഗികൾ എന്തുചെയ്യും കേരളത്തിലായിരുന്നു ഈ സംഭവമെങ്കിൽ മരുന്നും സേവനവും കിട്ടാതെ മരിക്കാൻപോകുന്ന രോഗികളെക്കുറിച്ചുള്ള വിലാപങ്ങളാവും വാർത്താമാദ്ധ്യമങ്ങളിൽ നിറയെ. എന്നാൽ എന്താണ് സംഭവിച്ചത് ആസ്പത്രികളിലെ മരണനിരക്ക് കൂടുകയല്ല, കുറയുകയാണുണ്ടായതത്രേ സമരം തീർന്ന് ഡോക്ടർമാർ പണിക്ക് കയറിയതോടെ മരണനിരക്ക് പെട്ടെന്ന് ഉയരുകയും ചെയ്തു. വെറുതെയല്ല



# വൈകാരികം

ബി.എസ് രാജീവ്

**വൈ**കാരികനായ
ഒരു കമ്മ്യൂണിസ്റ്റിന്
ചുവപ്പ് ഇന്നും
ചുവപ്പു തന്നെ.
അരിവാളിന്
വളവുകൂടുകയോ
ചുറ്റികയ്ക്ക്
ദൃഢതകുറയുകയോ
ചെയ്യുന്നില്ല.
വഴികാട്ടിയായ
നക്ഷത്രത്തെ മറയ്ക്കാൻ
കാർമേഘങ്ങളില്ല.
ചിഹ്നങ്ങൾ
ബാലറ്റുപേപ്പറിൽ
ഒളിഞ്ഞിരിക്കുന്നവ
മാത്രമല്ല.
അതിനാൽ
അയാൾ
പ്രസംഗം
കേൾക്കാൻ
ഇന്നും
കച്ചേരിനടയിലേയ്ക്കു
പോയി ●

കഥ

# ഭാരത സ്ത്രീ

വി.ജയപ്രകാശ്

"**ക**ന്യകയല്ല ഞാൻ കാന്തനെൻ പ്രാണ നാണന്യനെയപ്രീതിതോന്നരുതേ." സങ്കുചിതാംഗി സാഞ്ജലിയായി. നൃപന്റെ ഭാവംപകർന്നു. ഉസ്മാൻ വികാരവിവശനായി. "ആരവിടെ ലൈറ്റ് ഓൺ. സ്റ്റാർട്ട് ആക്ഷൻ ക്യാമറ". രാജാവ് ദുശ്ശാസ്സനനായി. പപ്പും പുടയും പുടവയും പറിച്ചെറിഞ്ഞു ...ഹുമയൂണിന്റെ വെബ്സൈറ്റ് ഡൗൺ ലോഡ്ചെയ്ത് ധർമ്മപുത്രൻ ദ്രൗപദിയുടെ രുചിയറിഞ്ഞു. പാദരക്ഷകൾ ശ്രദ്ധിക്കാതെ ആർത്തിപൂണ്ട നാലുപേർ ജാലകം തകർത്ത് അകത്തു കടന്നു ●

ക്രിസ്തുവിനുമുൻപ് 323ാം മാണ്ടിൽ ഗ്രീക്ക് രാജാവായിരുന്ന മഹാനായ അലക്സാണ്ടർ നിലവിളിച്ചത് ഒട്ടേറെ വൈദ്യന്മാരുടെ സഹായത്തോടെ ഞാൻ മരിക്കുകയാണ് എന്ന് ●






## ഉദ്ദിഷ്ടലബ്ധിക്ക് ഉപാകരസ്മരണ

പ്രതീഷ് എം.പി.

വായ്നാറ്റമുണ്ടായിരുന്നു
ശരീരദുർഗന്ധവും.
മുഖത്തെ കറുത്തപാടുകൾ
താരൻ
വരണ്ട ചർമ്മം
വീണ്ടുകീറിയ മുടിയിഴകൾ
ഒരിക്കലും വെളുക്കാത്ത വസ്ത്രം
നശിക്കാത്ത അണുക്കൾ
ഹൊ!!
ഉടുപ്പഴിഞ്ഞ് നഗ്നനായി
ഞാനെന്നെ
ഹിന്ദുസ്ഥാൻ യൂണിലിവറിന്
എഴുതിക്കൊടുത്തു
ഇപ്പോൾ
എന്നിലുണ്ട്
പുതുമയാർന്ന
ആത്മവിശ്വാസം ●

കവിത

## കാരണം

സുകേതു

ശവത്തിനുമീതെ റീത്ത് വെക്കരുത്
കാരണം, അത് മറ്റൊരു ശവമാണ്.
അകത്ത് മൊത്തം വെയ്സ്റ്റ്
കുത്തിനിറച്ച്
അണ്ണാച്ചിപ്പൂക്കൾ ചുറ്റിക്കെട്ടിയ
സാധനമല്ലേ?
അനുശോചിക്കരുത്. കാരണം.
ശവത്തിൽ
കുത്തുന്ന ഒരേർപ്പാടാണത്.
പിന്നെശ്രാദ്ധം.
അങ്ങനെയിപ്പം ആരും
ഉരുട്ടിവിഴുങ്ങണ്ട! ●

അഹിംസാമാർഗം

## ഇങ്ങനെയും പ്രതികരിക്കാം

ഷിനോജെക്കബ് കുറ്റനാട്

പട്ടാമ്പി ബസ്സ്സ്റ്റാന്റിൽ നിന്നും ഗുരുവായൂർക്ക് പോകാൻ തയ്യാറായി നിൽക്കുന്ന ബസ്സിൽ രണ്ടു നേന്ത്രപഴവുമായി കയറിവന്നമാന്യവേഷധാരി സീറ്റിൽ ഇരിപ്പുറപ്പിച്ചതും പഴംതിന്നാൻ തുടങ്ങി. ആദ്യത്തെ പഴംതിന്നുകഴിഞ്ഞതും തൊലി പുറത്തേക്കിട്ടു. തിരക്കേറിയ ബസ്സ്സ്റ്റാന്റാണ്. ബസ്സിൽ കയറാൻ ഓടിവരുന്ന ആരെങ്കിലും പഴത്തൊലിയിൽ ചവിട്ടി തെന്നിവീണാൽ വണ്ടിചക്രങ്ങൾക്കിടയിലേക്കായിരിക്കും എത്തുക. അയാൾ എന്നെക്കാൾ പ്രായം കൂടിയ ആളാണ്. ആയതിനാൽ എന്തെങ്കിലും പറഞ്ഞാൽ വാക്കു തർക്കത്തിലാകും എത്തുക എന്നെക്കാൾ വാക്സാമർത്ഥ്യം കൂടിയ ആളാണെങ്കിൽ തെറ്റ് അയാളുടെ ഭാഗത്താണെങ്കിൽപ്പോലും അയാൾ വിജയിച്ചെന്നുവരും. പ്രതികരിക്കണം.

അയാൾ രണ്ടാമത്തെ പഴംതിന്നു കഴിഞ്ഞ് തൊലിപ്പുറത്തേക്കെറിയാൻ തുടങ്ങിയതും ഞാൻ അയാളെ തടഞ്ഞു. എന്നിട്ട് പറഞ്ഞു ആ പഴത്തൊലി ഇങ്ങോട്ടു തരിക നിലത്തിട്ടാൽ ആരെങ്കിലും അതിൽ ചവിട്ടിവീഴും ഒന്നും ഉരിയാടാതെ ആ വാഴത്തൊലി എനിക്ക് തന്നു ഞാൻ അതുമായിബസ്സിൽ നിന്നും പുറത്തിറങ്ങി ആദ്യം അയാൾ പുറത്തെറിഞ്ഞ പഴത്തൊലി കൂടി എടുത്ത് ദൂരേക്ക് നടന്നു എന്നിട്ടത് ഉപദ്രവമുണ്ടാക്കാത്ത തരത്തിൽ മാറ്റിയിട്ടു.

ഒരു പക്ഷേ ആയാൾ ആ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഞാൻ തികഞ്ഞചാരിതാർത്ഥത്തോടെയാണ് തുടർയാത്ര ചെയ്തത് ●

കഥപറയാനും കേൾക്കാനും

## എല്ലാംനേടിയിട്ടും

ലോകം മുഴുവൻ കീഴ്പ്പെടുത്തി വലിയൊരു സാമ്രാജ്യത്തിന്റെ അധിപകനാവുകയെന്നതായിരുന്നു അലക്സാണ്ടർ ചക്രവർത്തിയുടെ സ്വപ്നം. വിശാലമായൊരു സാമ്രാജ്യത്തിന്റെ ഉടമയായി വിരാജിക്കുകയും ചെയതു അദ്ദേഹം. ചക്രവർത്തി മരണശയ്യയിൽ ആയ സമയം. ഇനി അധികനാളില്ലെന്ന വിചാരം മനസ്സിൽ വന്നപ്പോൾ അദ്ദേഹം മന്ത്രിയെ അടുത്തു വിളിച്ചു ആഗ്രഹമുന്നയിച്ചു. എനിക്കു നിർമ്മിച്ചുവച്ച ശവപ്പെട്ടിക്ക് രണ്ടു ഭാഗത്തും ഓരോദ്വാരങ്ങളിടുക. ശരീരം അതിനകത്ത് വച്ച് ഇരു കൈകളും ദ്വാരത്തിലൂടെ പുറത്തേക്കിടണം. തെരുവിലൂടെ ശവപ്പെട്ടി നീങ്ങുമ്പോൾ ജനങ്ങളറിയട്ടെ. എല്ലാം വെട്ടിപ്പിടിച്ചയാൾ ഈ ലോകംവിട്ടുപോകുമ്പോൾ കൈകൾ ശൂന്യമാണെന്ന് ●

*സമ്പാ: അക്കു*

ശീലം

## പല്ലുതേപ്പിന്റെ കച്ചവടം

ഷാജി എൻ.ജോർജ്

രണ്ടു നേരവും പല്ലുതേക്കണമെന്നത് ശരാശരി മലയാളിയുടെ നിത്യശീലമായപ്പോൾ, കേടില്ലാത്ത രണ്ട് പല്ലെങ്കിലും ഉള്ളവരുടെ എണ്ണവും കുറഞ്ഞു വന്നു. നിങ്ങളുടെ ടൂത്ത് പേസ്റ്റിൽ ഉപ്പുണ്ടോ? മുളകുണ്ടോ എന്നൊക്കെ ചോദിച്ച് നടക്കുന്ന പരസ്യത്തിലെ സുന്ദരിപ്പെണ്ണിനെ അങ്ങനെയങ്ങ് അവഗണിക്കാൻ പറ്റുമോ? രണ്ടു നേരവും "പതപ്പിച്ചു തുപ്പി " യില്ലെങ്കിൽ അവളെന്തു വിചാരിക്കും?

ആരെയൊക്കെയോ രക്ഷിക്കാനായി നാം രണ്ടുനേരവും 6 മുതൽ 10 മില്ലിഗ്രാം വരെ വിഷം പല്ലുതേപ്പിലൂടെ അകത്താക്കുന്നു. നമ്മുടെ മാത്രം രക്ഷയിൽ നമുക്ക്യാതൊരു താൽപര്യവുമില്ല എന്നതാണ് വിചിത്രം. പാവം പല്ലിനെ വൃത്തിയാക്കാനായി ആര്യവേപ്പിന്റെ തണ്ടു, ഉമിക്കരിയും. മാവിലയുമെല്ലാം ഉപയോഗിച്ചിരുന്ന മലയാളി എത്രവേഗമാണ് ടൂത്ത്പേസ്റ്റ് കമ്പനിക്കാരന്റെ നീരാളിപ്പിടുത്തത്തിൽ പെട്ടുപൊയത്. ഫ്ളൂറൈഡുകളും, ജില്ലകളും, കാൽസിഗാർഡുകളും, അക്വാഫ്രഷ്, ഓക്സിഫ്രെഷ്, ആക്ടിറിൻസുകളും, വൈടുകെയും, മൗത്ത് വാഷുകളും ക്ലീനിംഗ് സൊല്യൂഷൻസും മലയാളികളുടെ കുടുംബാംഗങ്ങളെപ്പോലെ ചിരപരിചിതരായി. ടി.വി മാധ്യമങ്ങളുടെ പ്രൈം ടൈമുകളെല്ലാം രാഹുലിന്റെ "ആത്മവിശ്വാസമുള്ള ചിരി" കയ്യടക്കിയപ്പോൾ മലയാളിക്ക് നഷ്ടമായത് അവന്റെ നൈസർഗ്ഗിക ചിരിയുടെ ആരോഗ്യഭംഗിയാണ്.

ആഹാരത്തിന്ശേഷം വായ്കഴുകുകയും ദിവസവും രണ്ടുനേരം പല്ലുതേക്കുകയും ചെയ്യുന്ന നാട്ടിൽ ദന്തഡോക്ടർമാർ നടത്തുന്ന ചാകരക്കൊയ്ത്ത് കണ്ടിട്ടെങ്കിലും നമ്മുടെ കണ്ണുകൾ തെളിയേണ്ടതല്ലേ. അബ്രസീവുകൾ എന്ന രാസവസ്തുക്കളാണ് ടൂത്ത് പേസ്റ്റിൽ 60 ശതമാനവും. കാത്സ്യം കാർബണേറ്റ്, ഡൈ കാത്സ്യം പോസ്ഫേറ്റ്, ഡൈ ഹൈഡ്രേറ്റ്, ഹൈഡ്രേറ്റഡ് സിലിക്ക, ഹൈഡ്രേറ്റഡ് അലൂമിനിയം ഓക്സൈഡുകൾ ഇവയാണ് പല്ല് ഉരച്ച് വൃത്തിയാക്കാനും പോളിഷ് ചെയ്ത് മിനുസപ്പെടുത്താനും ഉപയോഗിക്കുന്ന അബ്രസീവുകൾ. ശരീരത്തിലെ ഏറ്റവും കട്ടിയുള്ള ഇനാമലിനെ ഉരച്ച് "വെൺമ" നൽകി നശിപ്പിക്കുന്നത് ഇവരാണ് ●


*അവസാനിക്കുന്നില്ല*

*കടപ്പാട്: കാരവാൻ മാസിക*

പുസ്തകം

# ആരോഗ്യ സംരക്ഷണത്തിൽ ചെന്നൈ സ്റ്റൈൽ





**ബിജു എസ്.ബാലൻ**

**കേളീയം പുസ്തകശാല പ്രസിദ്ധീകരിച്ച അന്തരിച്ച ബിജു എസ് ബാലന്റെ 'ചെന്നൈ വിശേഷവും കുറിപ്പുകളും എന്ന പുസ്തകത്തിൽനിന്ന് '**

**ചെ**ന്നൈ നഗരത്തിന്റെ രാജവീഥിയാണ് ബീച്ച് റോഡ് പ്രമുഖവാണിജ്യസ്ഥാപനങ്ങൾ ഉള്ളതു വഴി മൗണ്ട് റോഡ് ആണ് നഗരത്തിലെ പ്രധാന റോഡ് അതിന്റെ പ്രാധാന്യം ആർഹിക്കുന്നു. അണ്ണാസാമാധി നിലകൊള്ളുന്ന മറീനാ ബീച്ച് മുതൽ കിലോമീറ്ററോളം നീളത്തിൽ കിടക്കുന്ന ഈ റോഡ് അതിരാവിലെയാകുമ്പോൾ നടത്തത്തിനുള്ള കേന്ദ്രമാകുന്നു. നടത്തമെന്നു പറഞ്ഞാൽ നടക്കുക എന്ന ആവശ്യത്തിനുവേണ്ടി മാത്രം നടക്കുന്ന മോണിംഗ് വാക്ക്.

ബീച്ചിനും പ്രധാന റോഡിനുമിടയിൽ മറ്റൊരു ചെറിയ റോഡുണ്ട് രാവിലെ നാലരമുതൽ എട്ടുവരെ നടക്കാനിറങ്ങുന്നവരുടെ തിരക്കാണ് ഈ റോഡിൽ. ഒറ്റക്കും കൂട്ടായും മോണിംഗ് വാക്കുകാർ ബീച്ചിന്റെ സുഖമുള്ള കാറ്റേറ്റ് നടക്കുന്നു. വെറുതെയുള്ള ഈ നടത്തത്തിന് ആളു കൾ സഹിക്കുന്ന ബുദ്ധിമുട്ട് അറിയാമെങ്കിൽ പുറത്ത് റോഡിൽ നിരത്തിയിട്ടിരിക്കുന്ന കാറുകളുടെ എണ്ണം നോക്കണം. എത്രയോ ദൂരം കാറോടിച്ച് വന്നാണ് പലരും ഒരു കിലോമീറ്റർ നടക്കുന്നത്. രാവിലെ അഞ്ചുമണി നേരത്ത് കാർ പാർക്കിംഗ് നിയന്ത്രിക്കാൻ ട്രാഫിക് പോലീസുകാരനെ ഏർപ്പാടുചെയ്തിരിക്കുന്നു എന്നറിയുമ്പോൾ തിരക്ക് ഊഹിക്കാമല്ലോ. ഇതു കൂടാതെ നടക്കുന്ന വഴിയിൽ മൂന്നിടത്തായി കുതിരപ്പുറത്ത് ആ പോലീസുകാർ നടക്കുന്നവർക്ക് സംരക്ഷണം നൽകാനായി സദാ നിരീക്ഷണം നടത്തുന്നു.

പല ദേശത്തുനിന്നു വരുന്നവർ ഒരുമിച്ച് താമസിക്കുന്ന സ്ഥലമാണല്ലോ കോസ്മോപൊളിറ്റൻ. ചെന്നൈ കോസ്മോപൊളിറ്റിനാണോ എന്ന് രാവിലെയുള്ള നടത്തക്കാരെ കണ്ടാൽ ആരും ചോദിക്കില്ല. ഹിന്ദിക്കാരും പഞ്ചാബികളും തെലുങ്കന്മാരും മലയാളികളും എംബസ്സികളിലെ വിദേശികളും മോണിംഗ് വാക്കിനെത്തുന്ന സ്ഥലമാണ് മറീനബീച്ച് മുതലള്ള സ്ഥലം. മറീനബീച്ചിൽ നിന്നുള്ള നടത്തം മിക്കവരും അവസാനിപ്പിക്കുന്നത് ഒരുകിലോമീറ്ററോളം ദൂരെയുള്ള ഗാന്ധി ബീച്ചിലാണ്(ബിച്ചിന്റെ ഓരോ കാൽ കിലോമീറ്ററിലും ഒരു പ്രതിമയുണ്ടാകും. ആ സ്ഥലത്തിന് ആ പ്രതിമയുടെ പേര്. ഗാന്ധിജിയുടെ പ്രതിമ നിൽക്കുന്ന സ്ഥലം ഗന്ധി ബീച്ച്.

**കിലോ മീറ്ററോളം കാറോടിച്ചുവന്ന് ഒരു കിലോമീറ്റർ നടക്കുക. എന്നിട്ട് കാറിൽ തന്നെ തിരിച്ചുപോകുക, ചെന്നയിലെ ക്രീമിലെയർ ആരോഗ്യ സംരക്ഷണ രീതികളാണ് ഇതൊക്കെ....**

രാവിലെ അഞ്ചു മണിക്ക് വന്ന് എട്ടുമണിക്ക് അപ്രത്യക്ഷമാകുന്ന ഈ ആരോഗ്യസംരക്ഷണ ഗ്രൂപ്പിനെ ടാർജറ്റാക്കി പല ബിസിനസ്സുകളും രാവിലെ നടക്കുന്നു. നടത്തം അഥവാ വ്യായാമം ആവശ്യമുള്ളത് ഏതു രോഗങ്ങൾക്കൊക്കെയാണോ അതിന്റെയെല്ലാം ഇംഗ്ലീഷ് മുതൽ സിദ്ധവരെയുള്ള മരുന്നുകൾ സാമ്പിളായി പ്രദർശനം നടത്തുന്നു. ഹെർബൽ ടീ തുടങ്ങിയവ രാവിലെ വില്പനക്കെത്തുന്നു. പലയിനം സൂപ്പുകളും മെച്ചപ്പെട്ട ആരോഗ്യത്തിനുള്ള ലഘുഭക്ഷണങ്ങളും ഗാന്ധി ബീച്ചിൽ അതി രാവിലെ വിൽപ്പനക്കെത്തുന്നു.

വഴിപാടിനുവേണ്ടി വ്യായാമത്തിനിറങ്ങുന്നവരല്ല ഇവരെന്ന് ശ്രദ്ധിക്കുന്നവർക്ക് മനസ്സിലാകും. അത്രയും ആത്മാർത്ഥതയോടെ ചെയ്യുന്ന വ്യായാമങ്ങൾ നിരീക്ഷിക്കുമ്പോഴാണ് മഹാനഗരത്തിന്റെ ക്രീമിലെയറിന്റെ ആരോഗ്യസങ്കൽപങ്ങളെ കുറിച്ചും തിരിച്ചറിവുണ്ടാകുന്നത്. ചിരിക്കാൻ വേണ്ടി അരമണിക്കൂർ മാറ്റി വെക്കേണ്ട ഗതികേടുവരുന്ന ഒരവസ്ഥ. കിലോമീറ്ററോളം കാറോടിച്ചുവന്ന് ഒരു കിലോമീറ്റർ നടക്കുക. എന്നിട്ട് കാറിൽ തന്നെ തിരിച്ചുപോകുക, ചിരിയെന്ന സ്വാഭാവിക അവസ്ഥയെ വ്യായാമമാക്കി വികസിപ്പിച്ചെടുക്കുക, എന്നിവയൊക്കെയുള്ളതു കൊണ്ടായിരിക്കണം അധികാരികൾ ധൈര്യത്തോടെ ചെന്നൈ നഗരത്തിനെ മെട്രോസിറ്റി എന്നു വളിക്കുന്നത്. വെറും മെട്രോയല്ല, കോസ്മോപൊളിറ്റൻ മെട്രോ●

വാർത്തകളിൽ

# ഒബാമയ്ക്കു പ്രചോദനമായി ഗാന്ധിജി

**ബ**റാക് ഒബാമയ്ക്ക് ആവേശം നൽകുന്ന ഒരു ചിത്രമുണ്ട് സെനറ്റിലെ അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധയുടെ ചിത്രം.

മഹാത്മാഗാന്ധി നൽകുന്ന പ്രചോദനം ഉൾക്കൊള്ളാനാണു ചിത്രം അവിടെ തൂക്കിയത്. യഥാർത്ഥ ഫലങ്ങൾ വാഷിങ്ടണിൽ നിന്നല്ല ജനങ്ങളിൽ നിന്നാണുവരുന്നതെന്ന് ഓർമിപ്പിക്കാനാണത്-ഒബാമ പറയുന്നു.

സമാധാന ദൂതനായ ഗാന്ധിജി നൽകിയയഥാർഥ ജീവിതസന്ദേശമാണ് ഒബാമയെ ഉണർത്തിയത്. സ്വന്തം സന്ദേശം പ്രവർത്തിയിൽ കാട്ടിയ അദ്ദേഹത്തിന്റെ മന:ശക്തിയും ഒരിക്കലും കെടാത്ത ഊർജസ്വലതയും അടിച്ചമർത്തലിനെതിരെ ജനതയെ ഉണർത്തകയും കൊളോണിയൽ ഭരണത്തിൽനിന്നു രാജ്യത്തിനു മോചനം നേടുന്നതിനുള്ള വിപ്ലവാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്തുവെന്ന് ഒബാമ വിശ്വസി ക്കുന്നു.

സാധാരണ ജനതയെ ഒന്നിച്ചു കൊണ്ടുവന്ന് അസാധാരണകാര്യങ്ങളെ ചെയ്യിക്കാൻ കഴിയുന്ന ശക്തിയുടെ പ്രതീകമാണു ഗാന്ധിജി-ഒബാമ ചൂണ്ടിക്കാട്ടി●

*മലയാളമനോരമ*







# ജലാശയങ്ങൾ ശുദ്ധീകരിക്കാൻ നൂതനവിദ്യ

### മാലിന്യങ്ങൾ നിറഞ്ഞ ജലം ശുദ്ധീകരിക്കാനുള്ള ഒരു അത്ഭുതവിദ്യ.

**മാ**ലിന്യങ്ങൾ നിറഞ്ഞ് ഉപയോഗശൂന്യമായ ജലാശയങ്ങൾ വേണ്ടെന്ന് കരുതി മണ്ണിട്ടുമൂടുന്നവർ ധാരാളമുണ്ട് എന്നാൽ ജർമ്മനിയിലെ ശാസ്ത്രജ്ഞൻമാർ ഇത്തരം ജലാശയം ശുദ്ധീകരിക്കാൻ ഒരു വഴി കണ്ടെത്തിയിരിക്കുന്നു. കാൽസ്യം ക്ലോറേറ്റ്, സോഡിയം ബൈകാർബണേറ്റ്, കാൽസ്യം കാർബണേറ്റ് മുതലായ ചിലരാസ വസ്തുക്കളുടെ ചേരുവ ജലാശയത്തിൽ വിതറിയാൽ ഏതുമാലിന്യവും ഊറി വെള്ളം ശുദ്ധമാകും. കുടിക്കാൻ ഉപയോഗിക്കുകയും ചെയ്യാം. ഈ രാസചേരുവയുടെ വിശദാംശങ്ങൾ അവർ പുറത്തുവിട്ടിട്ടില്ല. ഇതിന് പേറ്റന്റ് കരസ്ഥമാക്കിയിട്ടുണ്ട്. ജലശായങ്ങൾ സമൃദ്ധവും പലതും മലിനപ്പെട്ട് കിടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ ഈ വാർത്ത പ്രതീക്ഷ നൽകുന്നതാണ് •

## എണ്ണക്കിണറുകൾ വറ്റുന്നു

**ഗ**ൾഫ് രാജ്യങ്ങളുടക്കമുള്ള എണ്ണരാജ്യങ്ങളിലെ പെട്രോളിയം നിക്ഷേപം വൻതോതിൽ കുറഞ്ഞുവരുന്നു. ജിയോളജിക്കൽ സർവ്വേ റിപ്പോർട്ട് പ്രകാരം ലോകത്ത് ഇതുവരെ കണ്ടെത്തിയ എണ്ണ നിക്ഷേപവും ശരാശരി ഉപഭോഗവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഇനി നാൽപ്പതു വർഷത്തേക്കുള്ള എണ്ണമാത്രമേ അവശേഷിക്കുന്നുള്ളു എന്നാണ് കണക്ക്. തായ്‌ലന്റിൽ ഇനി നാല് വർഷത്തേക്കുള്ള എണ്ണ മാത്രമേള്ളൂ. യു.എസിൽ പത്തുവർഷത്തേക്ക് ഗൾഫ് മേഖലയിൽ പതിനാല് വർഷത്തേക്കുള്ള എണ്ണയേ ഉള്ളു. എണ്ണക്ക് പകരം മറ്റൊരു ഇന്ധനം കണ്ടുപിടിക്കമോ? •

## പച്ചക്കറി നട്ട് വിലക്കയറ്റത്തെ ചെറുക്കുക

**അ**മേരിക്കയിലും ബ്രിട്ടനിലും അ ടു ക്ക ള ത്തോ ട്ട ത്തി നു പ്രധാന്യമേറുന്നു. പച്ചക്കറികളുടെ വിലക്കയറ്റമാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. സൗകര്യ പ്രദമായ സ്ഥലങ്ങളിലെല്ലാം കുടുംബങ്ങൾ ഒത്തുചേർന്നു കൃഷിചെയ്യുന്നു. ജൈവരീതിയിലാണ് മിക്കവരും കൃഷി ചെയ്യുന്നത്. ലോകമാ ഹായുദ്ധകാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കാൻ കൃഷി ചെയ്തു എല്ലാരംഗങ്ങളിലും വിജയമുറപ്പിക്കുക, എന്ന ആഹ്വാനം ബ്രിട്ടൻ പ്രാവർത്തികമാക്കിയിരുന്നു. അതിന്റെ ആവർത്തനമാണ് ബ്രിട്ടനിൽ ഇപ്പോൾ ദൃശ്യമാകു ന്നത്.

തമിഴന്റെ പച്ചക്കറി വണ്ടിക്ക് കാത്തുകെട്ടിനിന്ന് പ്ലാസ്റ്റിക്ക് കവറിൽ പച്ചക്കറിയും വാങ്ങിവരുന്ന നമ്മൾ മലയാളികൾക്ക്. ഒരു നുള്ള് ചീരവിത്ത് എവിടെയെങ്കിലും വാരിയെറിയാൻ സന്മനസ്സ് വന്നെങ്കിൽ! •

### തേനിച്ചയും കൃഷിയും

**തേ**നീച്ചകളുടെ വംശനാശം കൃഷിയെതളർത്തുന്നു. ഗുജറാത്തിലെ കച്ച് മേഖലയിൽ ഓറഞ്ച്, നാരകം, പപ്പായ, മാവ്, ഈന്തപ്പന എന്നിവയിൽ നിന്നുള്ള ഉത്പാദനമാണ് തേനീച്ചകളുടെ നാശം മൂലം കുറഞ്ഞത്. പരാഗണം വേണ്ട വിധം നടക്കാത്തതാണ് കൃഷിയുടെ തളർച്ചക്കുള്ളകാരണം അന്തരീക്ഷമലിനീകരണമാണ് തേനീച്ചകളുടെ നാശത്തിന് വഴിയൊരുക്കിയത്. കാട്ടുതേനീച്ചകൾ കൂടുകൂട്ടുന്ന മരങ്ങൾ കരി ഉല്പാദനത്തിനായി വൻതോതിൽ വെട്ടിമാറ്റിയത് തേനീച്ചകളുടെ നാശത്തിന് ആക്കം കൂട്ടി •

### ചിമ്പൻസികൾ വംശനാശ ഭീശണിയിൽ


**റെ**ഡ് ഡ്ലാറ്റ ബുക്കിന്റെ പേജുകളുടെ എണ്ണം ഇനിയും കൂടുമോ ? വംശനാശഭീഷണിനേരിടുന്ന ജീവികളുടെ എണ്ണം. ദിനം പ്രതിയെന്നോണം കൂടിവരുന്നു. മനുഷ്യന്റെ പ്രകൃതിയിലുള്ള അമിതമായ അനിയന്ത്രിതകൈ കടത്തലാണ് കാരണം പുതിയവാർത്തകൾ ചിമ്പൻസികളുടെ ലോകത്തുനിന്നാണ്. ഐവറികോസ്റ്റിൽ 20 വർഷം കൊണ്ട് 90% ഓളം ചിമ്പൻസികളുടെ എണ്ണം കുറഞ്ഞതായി റിപ്പോർട്ട്. 1990 ൽ 12,000 ചിമ്പാൻസികളുണ്ടായിരുന്നത് കഴിഞ്ഞ വർഷത്തെ കണക്കെടുപ്പിൽ 1200 ആയി കുറഞ്ഞു •

## നോക്കിയയുടെ റീ സൈക്ലിംഗ് കാമ്പയിൻ

**ഇ**ന്ത്യയിലെ വൻകിട മൊബൈൽ നിർമ്മാതാക്കളായ നോക്കിയ ജനുവരി മുതൽ തിരിച്ചെടുക്കൽ കാമ്പയിൻ നടത്തുന്നു. രാജ്യത്തെമ്പാടുമുള്ള തങ്ങളുടെ ഷോപ്പുകളിലും കെയർ സെന്ററുകളിലും സ്ഥാപിക്കുന്ന റീ സൈക്ലിംഗ് ബിന്നുകളിൽ ഇനി മുതുൽ നിങ്ങളുടെ പഴയ മൊബൈൽ സെറ്റുകൾ അത് ഏത് ബ്രാൻഡുമാകട്ടെ നിക്ഷേപിക്കാം. തിരിച്ചെടുക്കുന്ന ഓരോ സെറ്റിനും ഓരോ വൃക്ഷത്തെ വെച്ചുപിടിപ്പിച്ചും കാമ്പയിനിൽ പങ്കെടുക്കുന്നവർക്ക് സമ്മാനങ്ങൾ നൽകിയും പദ്ധതി വിജയിപ്പിക്കാനാണ് കമ്പനിയുടെ ആലോചന. മൊബൈൽ ഫോണിന്റെ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുമ്പോൾ ഇ-വേസ്റ്റുകളുടെ കൈകാര്യം ചെയ്യലും സംസ്കരണവും സംബദ്ധിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുകയും റീ സൈക്ലിംഗിന്റെ പ്രാധാന്യം പ്രചരിപ്പിക്കുകയും ചെയ്യും. ഡൽഹിയിൽ തുടങ്ങിയ പദ്ധതി രാജ്യമെമ്പാടും 1,300 ഓളം റീ സൈക്ലിംഗ് ബിന്നുകൾ സ്ഥാപിച്ച് വിപുലപ്പെടുത്തും •

*ലിമാ ഗ്രീൻന്യൂസ്*

**കാർട്ടൂൺ സ്പോട്ട്** -ക്രിസ്മാ



### നിങ്ങൾ 100 രൂപ അയച്ചോ?

ലിറ്റിൽ മാസിക 16 ലക്കങ്ങൾക്ക് 100 രൂപയാണ് വരിസംഖ്യ. ഇപ്പോൾ മാസിക സൗജന്യമായി ലഭിക്കുന്നവർ 100 രൂപതന്നാൽ 16 ലക്കങ്ങൾ പ്രയാസം കൂടാതെ ഇറങ്ങും. മാസികയുടെ നിലനിൽപ്പ് നിങ്ങളുടെ M.O യെ ആശ്രയിച്ച്! ദയവായി അതിനുവേണ്ടിയെങ്കിലും ഒന്നു തപാലാപ്പീസ് സന്ദർശിക്കുക.

**Little Masika** September 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 Registered with the Registrar of News Papers for India New Delhi Rs. 6.50



# Little Masika

*If undeliverd, please return to*

EDITOR
LITTLE MASIKA
CHUNGATHARA P.O.
MALAPPURAM DT. PIN: 679 334
KERALA

**Little Masika** September 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 Registered with the Registrar of News Papers for India New Delhi Rs. 6.50




# ലിറ്റിൽ മാസിക

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു.
പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു.

*ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.*

എഡിറ്റർ
ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ.
മലപ്പുറം ജില്ല 679334




Edited Printed, Published and owned by Biju John at Co-op Press, Chungathara
Type Setting -DTP Apple Graphics, Manjeri 9349931587